പുസ്തകം 3 ലക്കം 1.
ജനുവരി – മാർച്ച് 2014

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. പരാശക്തിസ്തുതി

2

2. ലളിതാസഹസ്രനാമം
വ്യാഖ്യാനം – 9

5

3. നന്ദികേശ്വര കാശികാ
വ്യാഖ്യാനം – 5

8

4. സംസ്കൃതപാഠനം – 17

11

5. തന്ത്രശാസ്ത്രത്തിന്
ഒരു ആമുഖം – 11

12

6. ആർഷപ്രാർത്ഥന

14

7. സുനേത്രീ ഭവ

18

8. ഉള്ളിലെ തെളിവ് മുഖ്യം

20

9. ഔഷധസസ്യങ്ങൾ – 4
താന്നിയ്ക്ക

22

10. ഉത്സവം ദേവചൈതന്യവർദ്ധനം

24

മുഖചിത്രം

ദേവതാ : ചന്ദ്രഗണ്ഡാ

# പരാശക്തിസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

മത്സ്യപുരാണാന്തർഗതമായ സ്തുതിയാണിത്. ദക്ഷയാഗത്തിൽ ആത്മാഹുതി ചെയ്യുന്നതായ സതീദേവി പരമശിവനാൽ ഈ യാഗം നശിപ്പിക്കപ്പെടുമെന്നും ദക്ഷൻ പത്തു പ്രചേതസ്സുകളുടെ ഒറ്റ പുത്രനായി പിറക്കേണ്ടിവരുമെന്നും ശപിക്കുന്നു. പശ്ചാത്താപവിവശനായ ദക്ഷൻ സതീദേവിയോട് തന്റെ പാപങ്ങൾ തീരുവാൻ ഏതേത് തീർത്ഥങ്ങളിൽ ഭവതിയെ കാണുമെന്നും ഏതേത് സ്തോത്രങ്ങളാൽ സ്തുതിക്കണമെന്നും ചോദിക്കുന്നു. അതിനുത്തരമായി ദേവി ഇപ്രകാരം പറയുന്നു.

സർവദാ സർവഭൂതേഷു ദ്രഷ്ടവ്യാ സർവതോ ഭുവി
സർവലോകേഷു യത്കിഞ്ചിദ്രഹിതം ന മയാ വിനാ 1

തഥാപി യേഷു സ്ഥാനേഷു ദ്രഷ്ടവ്യാ സിദ്ധിമീപ്സുഭിഃ
സ്മർത്തവ്യാ ഭൂതികാമൈർവാ താനി വക്ഷ്യാമി തത്വതഃ 2

എല്ലായ്പോഴും എല്ലാ ചരാചരങ്ങളിലും ലോകം മുഴുവനും ഞാൻ കാണപ്പെടുന്നവളാണ്. എന്നെ കൂടാതെ ഈ ലോകത്തിൽ ഒന്നുമില്ല. എങ്കിലും സിദ്ധിയെ ആഗ്രഹിക്കുന്നവരും ഐശ്വര്യത്തെ ആഗ്രഹിക്കുന്നവരും ഏതെല്ലാം സ്ഥാനങ്ങളിൽ ഏതെല്ലാം തരത്തിൽ എന്നെ കാണണമെന്നും ഓർക്കണമെന്നും ഞാൻ തത്വത്തിൽ പറയാം.

വാരാണസ്യാം വിശാലാക്ഷീ നൈമിഷേ ലിങ്ഗധാരിണീ
പ്രയാഗേ ലളിതാദേവീ കാമാക്ഷീ ഗന്ധമാദനേ
മാനസേ കുമുദാ നാമ വിശ്വകായാ തഥാംബരേ 3

ഗോമന്തേ ഗോമതീ നാമ മന്ദരേ കാമചാരിണീ
മദോത്കടാ ചൈത്രരഥേ ജയന്തീ ഹസ്തിനാപുരേ 4

കാന്യകുബ്ജേ തഥാ ഗൗരീ രംഭാ മലയപർവ്വതേ
ഏകാംഭകേ കീർത്തിമതീ വിശ്വാം വിശ്വേശ്വരേ വിദുഃ 5

പുഷ്കരേ പുരുഹൂതേതി കേദാരേ മാർഗ്ഗദായിനീ
നന്ദാ ഹിമവതഃ പൃഷ്ഠേ ഗോകർണ്ണേ ഭദ്രകർണ്ണികാ 6

സ്ഥാനേശ്വരേ ഭവാനീ തു ബില്വലേ ബില്വപത്രികാ

ശ്രീശൈലേ മാധവീ നാമ ഭദ്രാ ഭദ്രേശ്വരേ തഥാ 7

ജയാ വരാഹശൈലേ തു കാമലാ കമലാലയേ
രുദ്രകോട്യാം ച രുദ്രാണീ കാളീ കാലഞ്ജരേ ഗിരൗ 8

മഹാലിങ്ഗേ തു കപിലാ മർകോടേ മുകുടേശ്വരീ
ശാലഗ്രാമേ മഹാദേവീ ശിവലിങ്ഗേ ജലപ്രിയാ 9

മായാപുര്യാം കുമാരീ തു സന്താനേ ലളിതാ തഥാ
ഉത്പലാക്ഷീ സഹസ്രാക്ഷേ കമലാക്ഷേ മഹോത്പലാ 10

ഗങ്ഗായാം മങ്ഗളാ നാമ വിമലാ പുരുഷോത്തമേ
വിപാശായാമമോഘാക്ഷീ പാടലാ പുണ്ഡ്രവർദ്ധനേ 11

നാരായണീ സുപാർശ്വേ തു വികൂടേ ഭദ്രസുന്ദരീ
വിപുലേ വിപുലാ നാമ കല്യാണീ മലയാചലേ 12

കോടവീ കോടിതീർത്ഥേ തു സുഗന്ധാ മാധവേ വനേ
ഗോദാശ്രമേ ത്രിസന്ധ്യാ തു ഗങ്ഗാദ്വാരേ രതിപ്രിയാ 13

ശിവകുണ്ഡേ ശിവാനന്ദാ നന്ദിനീ ദേവികാതടേ
രുഗ്മിണീ ദ്വാരവത്യാം തു രാധാ വൃന്ദാവനേ വനേ 14

ദേവകീ മഥുരായാം തു പാതാളേ പരമേശ്വരീ
ചിത്രകൂടേ തഥാ സീതാ വിന്ധ്യേ വിന്ധ്യാധിവാസിനീ 15

സഹ്യാദ്രാവേകവീരാ തു ഹരിശ്ചന്ദ്രേ തു ചന്ദ്രികാ
രമണാ രാമതീർത്ഥേ തു യമുനായാം മൃഗാവതീ 16

കരവീരേ മഹാലക്ഷ്മീരുമാ ദേവീ വിനായകേ
അരോഗാ വൈദ്യനാഥേ തു മഹാകാളേ മഹേശ്വരീ 17

അഭയേത്യുഷ്ണതീർത്ഥേഷു ചാമൃതാ വിന്ധ്യകന്ദരേ
മാണ്ഡവ്യേ മാണ്ഡവീ നാമ സ്വാഹാ മാഹേശ്വരേ പുരേ 18

ഛാഗലാണ്ഡേ പ്രചണ്ഡാ തു ചണ്ഡികാ മകരന്ദകേ
സോമേശ്വരേ വരാരോഹാ പ്രഭാസേ പുഷ്കരാവതീ 19

ദേവമാതാ സരസ്വത്യാം പാരാവാരതടേ മതാ
മഹാലയേ മഹാഭാഗാ പയോഷ്ണ്യാം പിങ്ഗളേശ്വരീ 20

സിംഹികാ കൃതശൗചേ തു കാർത്തികേയേ യശസ്കരീ
ഉത്പലാവർതകേ ലോലാ സുഭദ്രാ ശോണസങ്ഗമേ 21 ▸▸

മാതാ സിദ്ധപുരേ ലക്ഷ്മീരങ്ഗനാ ഭരതാശ്രമേ
ജാലന്ധരേ വിശ്വമുഖീ താരാ കിഷ്കിന്ധപർവ്വതേ 22

ദേവദാരുവനേ പുഷ്ടിർമേധാ കാശ്മീരമണ്ഡലേ
ഭീമാ ദേവീ ഹിമാദ്രൌ തു പുഷ്ടിർവിശ്വേശ്വരേ തഥാ 23

കപാലമോചനേ ശുദ്ധിർമാതാ കായാവരോഹണേ
ശങ്ഖോദ്ധാരേ ധ്വനിർനാമ ധൃതിഃ പിണ്ഡാരകേ തഥാ 24

കാലാ തു ചന്ദ്രഭാഗായാമച്ഛോദേ ശിവകാരിണീ
വേണായാമമൃതാ നാമ ബദര്യാമൂർവ്വശീ തഥാ 25

ഓഷധീ ചോത്തരകുരൌ കുശദ്വീപേ കുശോദകാ
മന്മഥാ ഹേമകൂടേ തു മുകുടേ സത്യവാദിനീ 26

അശ്വത്ഥേ വന്ദനീയാ തു നിധിർവൈശ്രവണാലയേ
ഗായത്രീ വേദവദനേ പാർവതീ ശിവസന്നിധൌ 27

ദേവലോകേ തഥേന്ദ്രാണീ ബ്രഹ്മാസ്യേഷു സരസ്വതീ
സൂര്യബിംബേ പ്രഭാ നാമ മാതൄണാം വൈഷ്ണവീമതാ 28

അരുന്ധതീ സതീനാം തു രാമാസു ച തിലോത്തമാ
ചിത്തേ ബ്രഹ്മകലാ നാമ ശക്തിഃ സർവശരീരിണാം 29

## ഫലശ്രുതി

ഏതദുദ്ദേശതഃ പ്രോക്തം നാമാഷ്ടശതമുത്തമം
അഷ്ടോത്തരം ച തീർത്ഥാനാം ശതമേതദുദാഹൃതം 30

യഃ സ്മരേച്ഛൃണയാദ്വാപി സർവപാപൈഃ പ്രമുച്യതേ
ഏഷു തീർത്ഥേഷു യഃ കൃത്വാ സ്നാനം പശ്യതി മാം നരഃ 31

സർവപാപവിനിർമുക്തഃ കല്പം ശിവപുരേ വസേത്
യസ്തു മത്പരമം കാലം കരോത്യേതേഷു മാനവഃ 32

സ ഭിത്വാ ബ്രഹ്മസദനം പദമഭ്യേതി ശാങ്കരം
നാമ്നാമഷ്ടശതം യസ്തു ശ്രാവയേച്ഛിവസന്നിധൌ 33

തൃതീയായാമഥാഷ്ടമ്യാം ബഹുപുത്രോ ഭവേന്നരഃ
ഗോദാനേ ശ്രാദ്ധദാനേ വാ അഹന്യഹനി വാ ബുധഃ 34

ദേവാർചനവിധൌ വിദ്വാൻപഠൻബ്രഹ്മാധിഗച്ഛതി

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 9

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

**നാഭ്യാലവാലരോമാളീലതാഫലകുചദ്വയീ** = നാഭിയാകുന്ന കുഴിത്തടത്തിൽനിന്നും ഉയർന്നുവരുന്ന രോമനിരയാകുന്ന വള്ളിയിലെ ഫലമാകുന്ന രണ്ടു സ്തനങ്ങളോടുകൂടിയവൾ.

ഇവിടെ ദേവിയുടെ ഉദരത്തിനു നടുവിലെ പൊക്കിൾക്കുഴിയെയും അതിൽനിന്നും ഉയർന്നുപോകുന്ന വള്ളികണക്കെയുള്ള രോമനിരയെയുമാണ് വർണ്ണിച്ചിരിക്കുന്നത്. സസ്യാദികളുടെ തടങ്ങൾക്കുള്ള ഗുണവിശേഷങ്ങൾ പൊക്കിളിനും വള്ളികളുടെ ഗുണവിശേഷങ്ങൾ രോമനിരകൾക്കും ഫലങ്ങളുടെ ഗുണവിശേഷങ്ങൾ സ്തനദ്വയങ്ങൾക്കുമില്ലേ എന്നു സംശയിക്കുകയാണ് കവി ഇവിടെ. താഴെ ഭാഗത്തുള്ള നാഭിയെയും മുകളിലായിക്കാണുന്ന രണ്ടു സ്തനങ്ങളെയും ചേർത്തുകൊണ്ട് ചിന്തിക്കുമ്പോൾ ഒരു അധോമുഖത്രികോണത്തിന്റെ രൂപമാണ് മനസ്സിൽ തെളിഞ്ഞുവരിക. ഇത് ഒരു ധ്യാനരീതിയാണ്. അധോമുഖത്രികോണത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ടുള്ള ഈ ധ്യാനപ്രക്രിയയെ സ്തനാധാരമെന്നാണ് പറയുക. ഇതുവഴി മനസ്സ് സ്ഥിരമാകുകയും മനസ്സിലുള്ള അനാവശ്യവാസനകളെല്ലാം ഇല്ലാതാവുകയും ചെയ്യുമെന്ന് യോഗശാസ്ത്രം അനുശാസിക്കുന്നു. ആ അധോമുഖത്രികോണത്തിന്റെ വർണ്ണനയായി ഈ നാമത്തെ മനസ്സിലാക്കണം.

### 15. ലക്ഷ്യരോമലതാധാരതാസമുന്നേയമദ്ധ്യമാ
### സ്തനഭാരദളന്മദ്ധ്യപട്ടബന്ധവലിത്രയാ

**ലക്ഷ്യരോമലതാധാരതാസമുന്നേയമദ്ധ്യമാ** = പ്രത്യക്ഷമായിട്ടുള്ള രോമസമൂഹമാകുന്ന വള്ളിയുടെ ആധാരമായി ഊഹിക്കപ്പെടുന്ന അരക്കെട്ടോടുകൂടിയവൾ.

മുൻ നാമത്തിൽ വിവരിച്ചതരത്തിലുള്ള വള്ളിപോലുള്ള രോമനിര കാണാനുണ്ട്. എന്നാൽ അതിന് ഒരു ആധാരം കാണുന്നില്ല. അപ്പോൾ അതിന്റെ ആധാരം ദേവിയുടെ അരക്കെട്ടായിരിക്കുമെന്ന് കവി ഊഹിക്കുന്നു. ഊഹിക്കുവാൻ മാത്രം കഴിയുന്ന ദേവിയുടെ അരക്കെട്ടാണ് ആ രോമനിരയുടെ താങ്ങ് അഥവാ ആധാരമെന്ന് ഈ നാമം പ്രസ്താവിക്കുന്നു.

ദേവിയുടെ മധ്യഭാഗം കാണുന്നില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ആദ്യവും അന്തവുമുണ്ടങ്കിലല്ലേ നടുഭാഗം കാണുകയുള്ളൂ. ആദ്യവും അന്തവുമില്ലാത്തവളാണ് ദേവി എന്ന് കവി ഈ നാമത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു.

**സ്തനഭാരദളന്മദ്ധ്യപട്ടബന്ധവലിത്രയാ** = **സ്തനങ്ങളു**ടെ ഭാരത്താൽ നടുഭാഗം ഒടിയാതിരിപ്പാനായിട്ടുള്ള മൂന്ന് പട്ടകളെന്ന് തോന്നുന്ന മൂന്നു മടക്കുകൾ ഉദരത്തിന്മേലുള്ളവൾ.

സ്തനങ്ങളുടെ ഭാരത്താൽ നടു കുനിഞ്ഞുപോകാതിരിക്കാനായി ദേവിയുടെ ഉദരത്തിന്മേൽ മൂന്നു മടക്കുകൾ കാണപ്പെടുന്നുണ്ട്. സുന്ദരിമാരുടെ ഉദരത്തിൽ മൂന്നു മടക്കുകൾ (ത്രിവലികൾ) ഉണ്ടാകുമെന്ന് സാമുദ്രികശാസ്ത്രം പറയുന്നു. ദേവി അനുപമ സുന്ദരിയായതുകൊണ്ട് ഇത്തരത്തിലുള്ള മൂന്നു മടക്കുകൾ സ്വാഭാവികമാണ്. ഇരു സ്തനങ്ങളുടെയും ഭാരത്താൽ മധ്യഭാഗം വളയാതിരിക്കാനുള്ള കെട്ടുകളാണോ ഇവയെന്ന് കവി സന്ദേഹിക്കുന്നു.

ഇരു സ്തനങ്ങളുടെയും ഭാരംകൊണ്ട് ഒട്ടൊന്നു കുനിഞ്ഞവളാണ് ദേവിയെന്നു കാണാം. പ്രപഞ്ചമാതാവായ ദേവി തന്റെ മക്കളെ സദാ പാലിക്കുന്നുവെന്നും ദേവിയുടെ കരങ്ങളിൽ നാമെല്ലാം സുരക്ഷിതരാണെന്നും ഈ നാമത്തിലൂടെ വ്യക്തമാകുന്നു.

## 16. അരുണാരുണകൗസുഭവസ്ത്രഭാസ്വൽകടീതടീ
## രത്നകിങ്കിണികാരമ്യരശനാദാമഭൂഷിതാ

**അരുണാരുണകൗസുംഭവസ്ത്രഭാസ്വൽകടീതടീ** = അത്യന്തം തിളങ്ങുന്ന ചുവപ്പുനിറമാർന്ന വസ്ത്രത്താൽ ശോഭിക്കുന്ന അരക്കെട്ടോടുകൂടിയവൾ.

ദേവി തന്റെ അരക്കെട്ട് മറച്ചിരിക്കുന്നത് ചുവപ്പുനിറമുള്ള വസ്ത്രത്താലാണ്. കൗസുംഭപൂവിന്റെ ചാറിന് കടുംചുവപ്പുനിറമാണ്. ആ വസ്ത്രത്തിന്റെ നിറമാകട്ടെ സൂര്യസാരഥിയായ അരുണന്റെ അരുണനിറമാണ്. ഉദയസൂര്യന്റെ കടുംചുവപ്പുപോലുള്ള കൗസുംഭപൂവിൻ ചാറിൽ മുക്കിയെടുത്ത് നിറം കയറ്റിയ വസ്ത്രമാണ് ദേവി ഉടുത്തിരിക്കുന്നത്. ആ ചുവപ്പു നിറത്തിന്റെ വൈശിഷ്ട്യത്തെ എടുത്തുപറയുവാനായാണ് 'അരുണാരുണ' എന്ന് അരുണശബ്ദം ഇരട്ടിപ്പിച്ചു പറഞ്ഞിട്ടുള്ളത്. പിന്നീട് കൗസുംഭപൂവിന്റെ ചാറിൽ മുക്കിയ എന്നുകൂടി വിശേഷിപ്പിക്കുമ്പോൾ ദേവിക്ക് മൊത്തത്തിൽ ചുവപ്പുനിറമാണെന്ന അർത്ഥവും കാണാം. പ്രവൃത്തിയുടെയും ശക്തിയുടെയും നിറമാണ് ചുവപ്പ് എന്ന് പ്രത്യേകം ഓർക്കുക.

**രത്നകിങ്കിണികാരമ്യരശനാദാമഭൂഷിതാ** = രത്നകിങ്കിണികളെ

ക്കൊണ്ട് മനോഹരമായിരിക്കുന്ന അരഞ്ഞാണത്താൽ അലങ്കൃതയായവൾ.

ദേവിയുടെ അരക്കെട്ടിന് മാറ്റുകൂട്ടാനായി ചുവന്ന ഉടയാടയ്ക്കു മുകളിലൂടെ ചുറ്റിക്കിടക്കുന്ന രത്നങ്ങൾ പതിച്ച കിങ്കിണിയരഞ്ഞാണവുമുണ്ട്. ആ അരഞ്ഞാണത്തിൽ ചെറിയ കിങ്കിണികളുമുണ്ട് എന്നു പറഞ്ഞിട്ടുള്ളതിനാൽ ദേവിയുടെ അരക്കെട്ടിന്റെ ചലനത്തിനൊപ്പം ശ്രുവണമധുരമായ ചിഞ്ചലനാദവും കേൾക്കാനാവുമെന്നർത്ഥം. ദേവി ശബ്ദമയിയാണെന്നും ഇതിനർത്ഥമാക്കാം.

### 17. കാമേശജ്ഞാതസൗഭാഗ്യമാർദ്ദവോരുദ്വയാന്വിതാ
### മാണിക്യമകുടാകാരജാനുദ്വയവിരാജിതാ

**കാമേശജ്ഞാതസൗഭാഗ്യമാർദ്ദാവോരുദ്വയാന്വിതാ** = കാമേശനുമാത്രം അറിയാനായിട്ടുള്ള മാർദ്ദവസുന്ദരമായ ഇരു തുടകളോടുകൂടിയവൾ.

കാമേശനുമാത്രമേ ദേവിയെ അറിയുവാൻ സാധിക്കുകയുള്ളൂ. ശിവനാൽ മാത്രം അറിയാനും അനുഭവിക്കാനും യോഗ്യയായവൾ എന്നർത്ഥം ഇതിൽനിന്ന് മനസ്സിലാക്കാം. കാമേശ്വരനല്ലാതെ മറ്റൊരാൾക്കും ദേവിയെ അറിയുവാൻ സാധിക്കുകയില്ലയെന്നും അർത്ഥമാക്കാം. അപ്പോൾ നമുക്ക് ആ ദേവിയെ അറിയണമെന്നുണ്ടെങ്കിൽ നാമും ശിവപദവിയിലെത്തണം. ശിവനാകണമെങ്കിൽ കാമനിഗ്രഹം നടത്തണം. കാമം എന്നാൽ ആഗ്രഹമെന്നർത്ഥം. ആഗ്രഹത്തെ നിഗ്രഹിച്ചവൻ ആരോ അവൻ ശിവൻ. ആഗ്രഹങ്ങളുടെ നീർച്ചുഴിയിൽനിന്നു രക്ഷപ്പെട്ടാൽ മാത്രമേ ദേവിയെ അറിയുവാൻ സാധിക്കുകയുള്ളൂ.

ആഗ്രഹങ്ങളെ ഇല്ലായ്മ ചെയ്യുവാൻ രണ്ടു വഴികളേയുള്ളൂ. ഒന്ന് അതിനെ സാധിപ്പിക്കുക. ആഗ്രഹങ്ങളെ സഫലീകരിച്ചു കഴിഞ്ഞാൽ ആഗ്രഹങ്ങൾ ഇല്ലാതാവും. രണ്ടാമത്തെ വഴി ഏതുപോലെയാണോ നമ്മുടെ മനസ്സിലേയ്ക്ക് ആഗ്രഹങ്ങൾ കയറിവരുന്നത് അതുപോലെത്തന്നെ അവ സ്വയമേവ മനസ്സിൽനിന്നും പുറത്തേയ്ക്കും പോകട്ടെയെന്നുവെയ്ക്കുക എന്നതാണ്. അതായത് വരുന്ന ആഗ്രങ്ങളുടെയെല്ലാം പുറകെ അലയാൻ വിടാതെ മനസ്സിനെ സ്വസ്ഥമാക്കാൻ ശീലിക്കുക. ആഗ്രഹങ്ങളെ ഇല്ലാതാക്കുകയെന്നാൽ അവയെ അടിച്ചമർത്തലല്ല. ശിവൻ പാർവ്വതിയുമായി സദാ രമിച്ചുക്കൊണ്ടിരിക്കുന്നവനാണെന്ന് ശാസ്ത്രം പറയുന്നു. അപ്പോൾ ശിവൻ കാമമാണ്. അതേ ശിവൻ കാലനെ നിഗ്രഹിച്ചവനുമാണ്. കാമത്തിന്റെ സാഫല്യം അതിന്റെ മരണത്തിൽ അവസാനിക്കുന്നു. അതുകൊണ്ട് ശിവൻ ▶▶

ഒരേ സമയം കാലകാലനും കാമേശനുമാണ്. അങ്ങനെയുള്ള ശിവനാൽമാത്രം അറിയാനാവുന്നവളാണ് ദേവിയെന്ന് ഈ നാമം വെളിപ്പെടുത്തുന്നു.

(തുടരും)

# നന്ദികേശ്വര കാശികാ – 5

## (മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

7. **അകാരം സന്നിധീകൃത്യ**
**ജഗതാം കാരണത്വതഃ**
**ഇകാരഃ സർവവർണാനാം**
**ശക്തിത്വാത് കാരണങ്ഗതം.**

| | | |
|---|---|---|
| ഇകാരഃ | = | ഇ എന്ന അക്ഷരം |
| ജഗതാം | = | പ്രപഞ്ചത്തിന്റെ |
| കാരണത്വതഃ | = | കാരണമായ (ഉപാദാനം) |
| അകാരം | = | അ എന്ന അക്ഷരത്തെ |
| സന്നിധീകൃത്യ | = | സാന്നിധ്യമാക്കിയിട്ട് |
| സർവവർണാനാം | = | എല്ലാ വർണ്ണങ്ങളുടെയും |
| ശക്തിത്വാത് | = | ശക്തിയാകയാൽ |
| കാരണം ഗതം | = | കാരണമായി |

'അ' എന്ന അക്ഷരത്തെ ഗുണരഹിതനായ പരബ്രഹ്മമായി മൂന്നാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. ഈ ഗുണരഹിതനായ 'അ' എന്ന പരബ്രഹ്മം, നാനാ ഗുണങ്ങളോടെ കാണപ്പെടുന്ന പ്രപഞ്ചത്തിന്റെ ഉപാദാനകാരണമെന്ന് പറയുന്നു ഈ ശ്ലോകത്തിൽ. കുടത്തിന്റെ നിർമ്മിതിയിൽ മണ്ണും കുശവനും രണ്ടുതരം കാരണമാണ്. മണ്ണ് സമവായി കാരണവും കുശവൻ നിമിത്തകാരണവുമാണ്. എന്നാൽ പ്രപഞ്ചസൃഷ്ടിയിൽ പരബ്രഹ്മം ഒരേ സമയം കർത്താവും കുടത്തിന് മണ്ണ് എന്നപോലെയുള്ള കാരണവുമാകയാൽ ഉപാദാന കാരണമെന്ന് പറയുന്നു. ഇത് മനസ്സിലാക്കുവാൻ ഒരു ഉദാഹരണം പറയാം. എട്ടുകാലി തന്നിൽനിന്നുതന്നെ നൂലുണ്ടാക്കി സ്വയം വല

നെയ്യുന്ന മാതൃകയിൽ എന്നു പറയാം.

വലയുടെ കർത്താവായ എട്ടുകാലി അതിന്റെ ശരീരത്തിൽനിന്നും ജാതമാകുന്ന നൂലിന്റെ രൂപത്തിൽ വലയിൽ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. എട്ടുകാലിയുടെ ഒരു ഭാഗംതന്നെയാണ് വലയെന്ന് പറയാം. അതുപോലെ 'അ' എന്ന പരബ്രഹ്മം പ്രപഞ്ചരൂപത്തിലായി. 'അ' എന്നതിന് കാരണത്വം (ഉപാദാന കാരണമാണ്) ഉണ്ട്. 'അ' എന്ന പരബ്രഹ്മം പ്രപഞ്ചരൂപത്തിലായത് 'ഇ' എന്ന ചിച്ഛക്തിയെ ആശ്രയിച്ചുകൊണ്ടാണ്. അതിനാൽ 'ഇ' എന്ന വർണ്ണത്തിന് സർവ്വസ്വതന്ത്രമായ കാരണത്വമുണ്ട് പ്രപഞ്ചസൃഷ്ടിയിൽ. 'അ' എന്ന വർണ്ണത്തിന് 'ഇ' എന്ന ശക്തിയെ സമാശ്രയിക്കാതെ പ്രപഞ്ചരൂപത്തിലാകുവാൻ സാധിക്കുകയില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് എല്ലാ വർണ്ണങ്ങളുടെയും ശക്തിയാണ് 'ഇ' എന്ന അക്ഷരം (അ എന്ന പരബ്രഹ്മത്തിന്റെ മായാശക്തി) എന്നു പറയുന്നു ഇവിടെ. സൃഷ്ടി പ്രക്രിയയിൽ അതായത് സർവ്വവർണ്ണങ്ങളുടെയും പ്രകാശനത്തിൽ 'ഇ' കാരത്തിനു മാത്രമാണ് സ്വാതന്ത്ര്യമെന്നും 'അ'കാരത്തെ സാക്ഷീഭൂതമാക്കിമാത്രം നിർത്തുകയാണെന്നും ഇതിലൂടെ വ്യക്തമാക്കുന്നു.

**8. ജഗത് സ്രഷ്ടുമഭൂദിച്ഛാ**
**യദാ ഹ്യാസിത് തദാഭവത്**
**കാമബീജമിതി പ്രാഹുഃ**
**മുനയോ വേദപാരഗാഃ**

| | | |
|---|---|---|
| യദാ | = | എപ്പോഴാണോ |
| ജഗത് | = | പ്രപഞ്ചം |
| സ്രഷ്ടും | = | സൃഷ്ടിക്കുവാൻ |
| ഇച്ഛാ | = | ആഗ്രഹം |
| അഭൂത് | = | ഉണ്ടായി |
| തദാ | = | അപ്പോൾ |
| കാമബീജം | = | 'ഇ' എന്ന മായാശക്തി |
| അഭവത് | = | ഉണ്ടായി |
| ഇതി | = | എന്ന് |
| വേദപാരഗാഃ | = | വേദജ്ഞരായ |
| മുനയഃ | = | മുനിമാർ |
| പ്രാഹുഃ | = | പറയുന്നു |

മുൻ ശ്ലോകങ്ങളിൽ പറഞ്ഞ കാര്യങ്ങളെതന്നെ മറ്റൊരുതരത്തിൽ വിശദീകരിക്കുകയാണ് ഇവിടെ ചെയ്യുന്നത്. 'അ' എന്ന പര ▸▸

ബ്രഹ്മം സ്വയം പ്രകാശിക്കുന്ന ഒന്നാണ്. അതിന് പ്രകാശിക്കുവാൻ മറ്റൊന്നും കാരണമല്ല. സ്വപ്രകാശജ്യോതിസ്വരൂപമാണെന്നർത്ഥം. അതാണ് എല്ലാ സൃഷ്ടമായ പ്രപഞ്ചത്തിന്റെയും മൂലസ്വരൂപവും ആ ധാരവും. അതിന് ഇക്കാണുന്ന പ്രപഞ്ചത്തെ സൃഷ്ടിക്കുവാനുള്ള ആ ഗ്രഹമുണ്ടായപ്പോൾ ആവിർഭവിച്ചതാണ് കാമബീജമായ ഈ 'ഇ' എന്ന വർണ്ണം എന്ന് വേദജ്ഞരായ മഹർഷിമാർ പറയുന്നു.

ഇപ്പറഞ്ഞതിനെ തന്നെ ദൃഢീകരിക്കുകയാണ് അടുത്ത ശ്ലോക ത്തിലൂടെ ചെയ്യുന്നത്.

**9. അകാരോ ജ്ഞപ്തിമാത്രം സ്യാദ്**
**ഇകാരശ്ചിത്കലാ മതാ**
**ഉകാരോ വിഷ്ണുരിത്യാഹുഃ**
**വ്യാപകത്വാന്മഹേശ്വരഃ**

അകാരഃ = 'അ' എന്ന അക്ഷരം.
ജ്ഞപ്തിമാത്രം = ജ്ഞാനാത്മകം തന്നെ
സ്യാത് = ആണ്
ഇകാരഃ = 'ഇ' എന്ന അക്ഷരം
ചിത്കലാ = ആദിമ സ്പന്ദനത്തിന്റെ ഉറവിടമായ ബോധത്തിന്റെ പൂർവ്വരൂപം.
മതാ = എന്ന് അഭിപ്രായപ്പെടുന്നു
ഉകാരഃ = 'ഉ' എന്ന അക്ഷരം
വ്യാപകത്വാത് = വ്യാപനശീലത്താൽ
വിഷ്ണുഃ = വിഷ്ണു
ഇതി = എന്ന്
മഹേശ്വരഃ = മഹേശ്വരൻ
ആഹുഃ = പറയുന്നു

ശാസ്ത്രങ്ങളിലെല്ലാം സത്യാത്മകവും ജ്ഞാനാത്മകവും ആന ന്ദാത്മകവുമായ ഒരേയൊരു ബോധസ്വരൂപമേ ലോകത്തുള്ളുവെന്ന് പറയുന്നുവല്ലോ. അതാണീ 'അ'കാരം. അപരിമിതസ്വരൂപമായ ആ ബോധസ്വരൂപത്തെ അളക്കുവാൻ പാകത്തിന് പരിമിതപ്പെടുത്തി പ്രപഞ്ചത്തിൽ പ്രദർശിപ്പിക്കുവാൻപോന്ന മായാസ്വരൂപിണിയാ ണ് ചിത്കലാ എന്ന് ശാസ്ത്രം പറയുന്ന 'ഇ'കാരം. 'അ' എന്ന ബോ ധസ്വരൂപമായ പരബ്രഹ്മംതന്നെയാണ് വിവിധ ഗുണങ്ങളോടെ പ്ര പഞ്ചരൂപത്തിൽ വ്യാപനശീലത്തോടെ കാണപ്പെടുന്നത്. അതാണ് 'ഉ'കാരം.

(തുടരും)

# സംസ്കൃതപഠനം - 17

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

? ദ്വിതീയാവിഭക്തിരൂപം വരുന്ന മറ്റു സന്ദർഭങ്ങൾ ഏതെല്ലാം?

ഉ. രാമൻ ഗ്രാമത്തിലേയ്ക്ക് പോകുന്നു എന്ന വാക്യത്തിലെ കർത്താവായ രാമൻ മറ്റൊരു സന്ദർഭത്തിൽ കർമ്മമായി മാറും. അപ്പോൾ അവിടെ ദ്വിതീയാവിഭക്തി രൂപം വരും.

? रामः ग्रामं गच्छति = രാമൻ ഗ്രാമത്തിലേയ്ക്ക് പോകുന്നു.
ഈ വാക്യത്തിൽ 'ग्रामं' എന്നത് കർമ്മവുമാണ് ദ്വിതീയവിഭക്തിയും വന്നിട്ടുണ്ട്. പിന്നെ എങ്ങനെയാണ് 'रामः' എന്നത് കർമ്മമായി മാറുക. ഏതു സന്ദർഭത്തിലാണ് അത് സംഭവിക്കുക?

ഉ. ഗ്രാമത്തിലേയ്ക്ക് പോകുന്നതായ രാമൻ ആരുടെയെങ്കിലും പ്രേരണയാലാണ് പോകുന്നത് എന്ന് പറയുമ്പോഴാണ് രാമൻ എന്നത് കർമ്മം ആകുന്നതും അതിന് ദ്വിതീയാവിഭക്തി വരുന്നതും. അത് ഇപ്രകാരം:
पिता <u>रामं</u> <u>ग्रामं</u> गमयति = അച്ഛൻ രാമനെ ഗ്രാമത്തിലേയ്ക്ക് പറഞ്ഞയക്കുന്നു. (പോകുവാൻ പ്രേരിപ്പിക്കുന്നു)
ഇവിടെ വന്നതായ മാറ്റം ശ്രദ്ധിക്കുക.
വാക്യം 1. रामः <u>ग्रामं</u> गच्छति।
വാക്യം 2. पिता <u>रामं</u> <u>ग्रामं</u> गमयति।

ആദ്യത്തെ വാക്യത്തിൽ 'ग्रामं' എന്ന ഒരു ദ്വിതീയാരൂപം. രണ്ടാമത്തേതിൽ 'रामं' 'ग्रामं' എന്നീ രണ്ടു ദ്വിതീയാരൂപങ്ങൾ. ആദ്യ വാക്യത്തിലെ കർത്തൃപദമായ 'रामः' എന്നതാണ് രണ്ടാം വാക്യത്തിൽ 'रामं' എന്ന ദ്വിതീയാരൂപമായി മാറിയത്. അതിന് കർമ്മത്വം പ്രാപ്തമായപ്പോഴാണ് അത് സംഭവിച്ചത്.

? गच्छति എന്ന ക്രിയയുടെ പ്രയോഗത്തിൽ മാത്രമാണോ ഇങ്ങനെ സംഭവിക്കുക?

ഉ. അല്ല. ഗതിയുടെ (ചലനം സാധ്യമാകുന്ന പ്രവൃത്തി) അർത്ഥത്തിലുള്ള ഏതു ക്രിയാപദങ്ങളുടെയും പ്രയോഗത്തിൽ ഇപ്രകാരം സംഭവിക്കും. गच्छति എന്നത് ഇപ്പോൾ നില്ക്കുന്ന പ്രദേശവു ▸▸

▶▶ മായുള്ള ബന്ധം വിട്ട് മറ്റൊരു പ്രദേശവുമായുള്ള ബന്ധം നേടുക എന്നതാണല്ലോ അർത്ഥമാക്കുന്നത്. അപ്പോൾ അവിടെ ചല നം സാദ്ധ്യമാകുന്നു.

? ഇതിന് മറ്റൊരു ഉദാഹരണം പറയാമോ?

ഉ. വാക്യം 1. मोहनः क्रीडति।

വാക്യം 2. माता मोहनं क्रीडयति।

ആദ്യ വാക്യത്തിൽ മോഹനൻ കർത്താവായിരുന്നു. അ പ്പോൾ പ്രഥമാവിഭക്തിരൂപം 'मोहनः' എന്ന്. എന്നാൽ 'क्रीडति' എന്നത് കളിക്ക് പ്രേരിപ്പിക്കുന്ന അർത്ഥത്തിൽ 'क्रीडयति'എന്നു പ്ര യോഗിച്ചപ്പോൾ മോഹനൻ എന്ന കർത്താവ് കർമ്മമാകുകയും ദ്വി തീയാവിഭക്തിരൂപം വരികയും ചെയ്തു.

(തുടരും)

തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം – 11

## തന്ത്രശാസ്ത്ര ഗ്രന്ഥപരിചയം

സി.എം. കൃഷ്ണനുണ്ണി

കഴിഞ്ഞലക്കം തുടർച്ച

ഇനി തന്ത്രശാസ്ത്ര ഗ്രന്ഥങ്ങളെക്കുറിച്ച് ചിന്തിക്കാം. മന്ത്രശാസ്ത്ര ഗ്രന്ഥങ്ങളെക്കൂടി ആ കൂട്ടത്തിൽപ്പെടുത്തുമ്പോൾ ഗ്രന്ഥവൈപുല്യം വർദ്ധിക്കും. അശ്വാക്രാന്ത, രഥക്രാന്ത എന്നീ ഭൂവിഭാഗങ്ങളിൽ ഓ രോന്നിലും 64 തന്ത്രഗ്രന്ഥങ്ങൾ വീതം ഉണ്ടായിട്ടുണ്ടെന്ന് ആഗമ ങ്ങൾ ഉദ്ഘോഷിക്കുന്നു. അവയിൽ പലതും ഇന്ന് അജ്ഞാതമാണ്. ആഗമങ്ങളും നിഗമങ്ങളുമാണ് തന്ത്രശാസ്ത്രത്തിന്റെ അടിക്കല്ലുകളെ ന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായല്ലോ. ഇവ കൂടാതെ അനേകം അപൂർവ്വ ദേവതകളുടെ ഉപാസനാക്രമങ്ങൾ അടങ്ങിയ കല്പഗ്രന്ഥ ങ്ങളും പ്രചാരത്തിലുണ്ട്. എ.ഡി. 4-ാം നൂറ്റാണ്ടിൽ മഞ്ജുശ്രീകല്പം, ഗു ഹ്യസമാജം എന്നീ ബുദ്ധമത തന്ത്രഗ്രന്ഥങ്ങൾ പ്രചാരത്തിലുണ്ടായി രുന്നു. 'പ്രജ്ഞ' എന്ന പുരുഷശക്തിയും 'ഉപായ' എന്ന സ്ത്രീശക്തിയും ചേർന്ന് സൃഷ്ടി നടത്തുന്നു എന്നാണ് ബുദ്ധതാന്ത്രികരുടെ കാഴ്ചപ്പാട്. ഏ.ഡി. 7-ാം നൂറ്റാണ്ടിൽ ഹൈന്ദവ താന്ത്രികഗ്രന്ഥങ്ങളും ബുദ്ധമത

താന്ത്രികഗ്രന്ഥങ്ങളും ധാരാളമായി പ്രചരിക്കപ്പെട്ടു. 9-ാം നൂറ്റാണ്ടിൽ പ്രപഞ്ചസാരം, സൗന്ദര്യലഹരി എന്നിവ രചിക്കപ്പെട്ടതായാണ് അനുമാനം. ഗൗഡപാദരുടെ ശ്രീവിദ്യാരത്നസൂത്രത്തിന് ശ്രീശങ്കരൻ വ്യാഖ്യാനമെഴുതിയതും ഈ കാലത്താണ്. 10-ാം നൂറ്റാണ്ടിൽ കുളാർണ്ണവതന്ത്രം, പരമാനന്ദതന്ത്രം എന്നീ മഹദ്ഗ്രന്ഥങ്ങൾ പ്രചാരത്തിലായി. കൗളസമ്പ്രദായം സംബന്ധിച്ച വിശദീകരണം ഇവയിൽ നിന്ന് ഗ്രഹിക്കാം. 11-ാം നൂറ്റാണ്ടിൽ ലക്ഷ്മണദേശികനാൽ 'ശാരദാതിലകം' വിരചിതമായി. ബ്രഹ്മാണ്ഡപുരാണാന്തർഗതമായ ലളിതാസഹസ്രനാമവും അതിന് ഭാസ്കരരായർ രചിച്ച 'സൗഭാഗ്യഭാസ്കരം' എന്ന വ്യാഖ്യാനഗ്രന്ഥവും താന്ത്രികോപാസനയിൽ പ്രധാനസ്ഥാനം ഇന്നു വഹിക്കുന്നു. 'ചണ്ഡി', 'ദുർഗ്ഗാസപ്തശതി' എന്നീ പേരുകളിൽ അറിയപ്പെടുന്ന 'ദേവീമാഹാത്മ്യം' താന്ത്രികർ ഉപാസനയ്ക്കും പ്രയോഗത്തിനും ഉപയോഗിച്ചുവരുന്ന വിശിഷ്ടഗ്രന്ഥമാണ്. 'ബാലാവിംശതി'യും പ്രഖ്യാതമാണ്. കാശ്മീരി പാരമ്പര്യമുള്ള ലഘുഭട്ടാരകനാണ് ഇതിന്റെ രചയിതാവെന്നാണ് അനുമാനം. കാളിദാസവിരചിതമാണ് ഇതെന്ന വിശ്വാസവുമുണ്ട്. 'ശ്യാമളാദണ്ഡക'ത്തിന്റെ സ്വഭാവം ഈ കൃതിയിൽ പ്രകടമായതിനാലാണ് ഇങ്ങനെ വിശ്വസിക്കപ്പെടുന്നത്. നാഥപാരായണം, ഘടികാപാരായണം, തത്വപാരായണം, നാമപാരായണം, നിത്യാപാരായണം, മന്ത്രപാരായണം എന്നീ ആറ് പാരായണവിധികൾ 'ബാലാവിംശതി'യിൽ നിഗൂഹിതമായിരിക്കുന്നു. ഈ ഗ്രന്ഥത്തിന് കണ്ടിയൂർ മഹാദേവശാസ്ത്രികൾ വ്യാഖ്യാനമെഴുതിയിട്ടുണ്ട്. 'ബാലാവിംശതി'യിലെ 11-ാം ശ്ലോകമായ 'ആർഭട്യാ ശശിഖണ്ഡമണ്ഡിതജടാജൂടാം നൃമുണ്ഡസ്രജം...' എന്നു തുടങ്ങുന്നത്, രുരുജിത് വിധാനപ്രകാരം ആരാധന നടന്നുവരുന്ന കോഴിക്കോട് ശ്രീവളയനാട്ട് കാവിൽ മൂർത്തിയുടെ ധ്യാനശ്ലോകമായി നൂറ്റാണ്ടുകളായി ഉപയോഗിക്കപ്പെട്ടുവരുന്ന വിവരംകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാട്ടട്ടെ. ലക്ഷ്മണേന്ദ്രദേശികന്റെ ശിഷ്യനായ അഭിനവഗുപ്തനും ശിഷ്യന്മാരും തന്ത്രശാസ്ത്രത്തിന് മികച്ചഗ്രന്ഥങ്ങൾ നല്കിയിട്ടുണ്ട്. പരശുരാമൻ താന്ത്രികർക്ക് പ്രാതഃസ്മരണീയനാണ്. അദ്ദേഹത്തിന്റെ പരശുരാമകല്പസൂത്രം പ്രഖ്യാതമാണല്ലോ. തന്ത്രകൗമുദി, നിത്യോത്സവം, കുളാർണ്ണവതന്ത്രം, മഹാനിർവ്വാണതന്ത്രം, ശക്തിസംഗമതന്ത്രം, രുദ്രയാമളം, ബ്രഹ്മയാമളം എന്നിങ്ങനെ ചില ഗ്രന്ഥങ്ങളുടെ പേരുകൾമാത്രം എടുത്തുപറയട്ടെ.

കൗളം, വാമം, സമയം, ദക്ഷിണം, മിശ്രം, സിദ്ധാന്തം തുടങ്ങി ▸▸

▶▶ യ കൈവഴികളാണ് തന്ത്രശാസ്ത്രത്തിന് പ്രധാനമായിട്ടുള്ളത്. ഇവയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ഗുരുമുഖത്തുനിന്ന് അറിയേണ്ടതാണ്. ഇവയെല്ലാം ഇന്നും ഭാരതത്തിൽ അങ്ങിങ്ങായി നിലവിലുണ്ടെന്നാണ് അറിയുവാൻ കഴിഞ്ഞത്.

തന്ത്രത്തിന് കാശ്മീർ, ബംഗാൾ, കേരളം എന്നീ പ്രാദേശീയ പ്രത്യേകതകളിലൂന്നിയ സമ്പ്രദായവിശേഷങ്ങളുണ്ട്. ബംഗാളിൽ മാത്രമാണ് തനത് സമ്പ്രദായം ഇപ്പോൾ നിലവിലുള്ളത് എന്നു കേൾക്കുന്നു. കാശ്മീരി താന്ത്രികസമ്പ്രദായത്തിൽപ്പെട്ട ഋരുജിത്ത് വിധാനവും 'മഹാർത്ഥം' എന്ന സങ്കേതവും ഈ കേരളത്തിലെ വടക്കൻ പ്രദേശത്ത് നിലവിലുണ്ട് എന്നത് ഈ വിഷയത്തിൽ തല്പരരായവരെ സംബന്ധിച്ചിടത്തോളം ജിജ്ഞാസാജനകമാണ്. കോഴിക്കോട്ടെ ശ്രീവളയനാട് കാവ്, കൊയിലാണ്ടിക്കടുത്ത കൊല്ലം പിഷാരിക്കാവ്, കണ്ണൂരിനടുത്ത മാടായിക്കാവ്, മന്ദംപുറത്തുകാവ്, പനയന്നാർ കാവ് എന്നിവിടങ്ങളിൽ ഈ സമ്പ്രദായമനുസരിച്ചുള്ള കർമ്മങ്ങൾ നടന്നുവരുന്നു. കൊടിക്കുന്നത്ത് ശിവാങ്കൾ എന്ന ശൈവയോഗിയെ ഈ അവസരത്തിൽ ആദരാതിരേകത്തോടെ നമ്രശിരസ്കനായി ഞാൻ സ്മരിക്കട്ടെ. അദ്ദേഹം തങ്കത്തകിടിൽ വരച്ച ശ്രീചക്രങ്ങൾ ഈ കാവുകളിലെല്ലാം ആരാധിക്കപ്പെടുന്നതായാണ് അറിവ്. യന്ത്രരാജൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീചക്രം, പരമശിവനിൽനിന്ന് ഉളവായ പ്രപഞ്ചസംവിധാനത്തിന്റെ രേഖാരൂപമാണ്. ബ്രഹ്മാണ്ഡത്തിന്റെ വിധാനരൂപമാണത്. ശ്രീചക്രോപാസനയും ശ്രീവിദ്യോപാസനയും തന്ത്രശാസ്ത്രത്തിലെ അത്യന്തം ഉയർന്ന ഉപാസനാമാർഗ്ഗമാണ്.

(അടുത്ത ലക്കത്തിൽ തുടരും)

# ആർഷപ്രാർത്ഥന

സമ്പാദക : അപർണ്ണാദേവി എ.

1. **ഓം വാങ്മേ മനസി പ്രതിഷ്ഠിതാ. മനോ മേ വാചി പ്രതിഷ്ഠിതമാവിരാവീർമ ഏധി. വേദസ്യ മ ആണീസ്ഥഃ ശ്രുതം മേ മാ പ്രഹാസീഃ. അനേനാധീതേനാഹോരാത്രാൻ സന്ദധാമ്യൃതം വദിഷ്യാമി. സത്യം വദിഷ്യാമി.**

**തന്മാമവതു. തദ്വക്താരമവതു. അവതു മാമവതു വക്താര മവതു വക്താരം. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

(ഋഗ്വേദീയശാന്തിപാഠം)

അല്ലയോ സച്ചിദാനന്ദസ്വരൂപ പരമാത്മാവേ! എന്റെ വാക്ക് മനസ്സിൽ സ്ഥിതിചെയ്യട്ടെ. മനസ്സ് വാക്കിന്മേലും സ്ഥിതിചെയ്യട്ടെ. അതായത് എന്റെ മനസ്സും വാക്കും ഒന്നാകട്ടെ. അല്ലയോ പ്രകാശ സ്വരൂപനായ പരമേശ്വര! അങ്ങ് എന്റെ മുന്നിൽ പ്രത്യക്ഷനായാലും. അല്ലയോ മനസ്സേ, വാണീ നിങ്ങൾ ഇരുവരും എനിക്ക് വേദവിഷ യത്തിലുള്ള ജ്ഞാനത്തെ നേടിത്തരുന്നവരായി മാറൂ. എന്റെ ഗുരുമു ഖത്തുനിന്നും കേട്ടതായതും അനുഭവംകൊണ്ടു വന്നതുമായ ജ്ഞാനം എന്നെ ഉപേക്ഷിക്കാതിരിയ്ക്കട്ടെ. ഞാൻ ഒരിക്കലും അതിനെ മറക്കാ തിരിക്കട്ടെ. എന്റെ അധ്യയനം രാവും പകലും നടക്കട്ടെ. അതായത് രാത്രിയും പകലും നിരന്തരം ബ്രഹ്മവിദ്യയെപ്പറ്റി പഠനവും മനനവും ചെയ്യട്ടെ. ഞാൻ വാക്കുകളാൽ ശ്രേഷ്ഠമായ ശബ്ദങ്ങളെ ഉച്ചരിക്കും, എല്ലായ്പ്പോഴും സത്യം പറയും. ആ പരമാത്മാവ് എന്നെ രക്ഷിക്കട്ടെ. അദ്ദേഹം ബ്രഹ്മവിദ്യ പഠിപ്പിക്കുന്ന ആചാര്യനെ രക്ഷിക്കട്ടെ. അദ്ദേ ഹം എന്നെ രക്ഷിക്കട്ടെ. എന്റെ ആചാര്യനെ രക്ഷിക്കട്ടെ. ആധ്യാ ത്മികവും ആധിദൈവികവും, ആധിഭൗതികവും ആയ മൂന്നു താപ ങ്ങൾക്കും ശാന്തിയുണ്ടാവട്ടെ.

2. **ഓം പൂർണ്ണമദഃ പൂർണ്ണമിദം**
   **പൂർണ്ണാത് പൂർണ്ണമുദച്യതേ**
   **പൂർണ്ണസ്യ പൂർണ്ണമാദായ**
   **പൂർണ്ണമേവാവശിഷ്യതേ**
   **ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

(ശുക്ലയജുർവേദീയ ശാന്തിപാഠം)

ആ സച്ചിദാനന്ദ പരബ്രഹ്മ പുരുഷോത്തമൻ എല്ലാ തരത്തി ലും എപ്പോഴും പൂർണ്ണനാണ്. ഈ ലോകവും ആ പരബ്രഹ്മത്താൽ പൂർണ്ണം തന്നെയാണ്. എന്തുകൊണ്ടെന്നാൽ ഈ പൂർണ്ണം, ആ പൂർ ണ്ണപുരുഷോത്തമനിൽനിന്നും ഉണ്ടായതാണ്. ഇപ്രകാരം പരബ്രഹ്മ ത്തിന്റെ പൂർണ്ണതയാൽ ലോകം പൂർണ്ണം ആയിട്ടും ആ പരബ്രഹ്മം പരിപൂർണ്ണമാണ്. ആ പൂർണ്ണത്തിൽനിന്ന് പൂർണ്ണത്തെ എടുത്താലും അത് പൂർണ്ണമായിത്തന്നെ ശേഷിക്കുന്നു. ആധ്യാത്മിക, ആധിദൈ വിക, ആധിഭൗതിക താപത്രയങ്ങൾക്ക് ശാന്തി ഉണ്ടാവട്ടെ.

3. **ഓം സഹ നാവവതു.**
**സഹ നൗ ഭുനക്തു.**
**സഹ വീര്യം കരവാവഹൈ.**
**തേജസ്വിനാവധീതമസ്തു.**
**മാ വിദ്വിഷാവഹൈ.**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

(കൃഷ്ണയജുർവേദീയ ശാന്തിപാഠം)

അല്ലയോ പരമാത്മാവേ! അങ്ങ് ഞങ്ങൾ ഇരുവരുടേയും (ഗുരുവിന്റെയും ശിഷ്യന്റെയും) എല്ലാ തരത്തിലുള്ള രക്ഷയെ ചെയ്താലും, ഞങ്ങൾ ഇരുവരെയും അങ്ങ് ഉചിതരൂപത്തിൽ പാലിച്ച് പോഷിപ്പിച്ചാലും, ഞങ്ങൾ ഇരുവരും ഒരുമിച്ച് വിദ്യനേടാനുള്ള സാമർത്ഥ്യം (ബലം) നേടട്ടെ. ഞങ്ങൾ ഇരുവരും അധ്യയനം ചെയ്തതായ വിദ്യ തേജോ പൂർണ്ണമായിരിക്കട്ടെ. എവിടെയും ആരിൽനിന്നും ഞങ്ങൾ വിദ്യയിൽ തോൽക്കാതിരിക്കട്ടെ. ഞങ്ങളിരുവരും ജീവിതം മുഴുവൻ പരസ്പരസ്നേഹസൂത്രത്തിൽ ബന്ധിക്കപെടട്ടെ. ഞങ്ങളുടെ ഉള്ളിൽ ഒരിക്കലും പരസ്പരദ്വേഷം ഉണ്ടാകാതിരിക്കട്ടെ. ഹേ പരമാത്മാവേ! ആധ്യാത്മിക, ആധിദൈവിക, ആധിഭൗതിക താപത്രയങ്ങൾക്ക് ശാന്തി ഉണ്ടാവട്ടെ.

4. **ഓം ആപ്യായന്തു മമാങ്ഗാനി വാക് പ്രാണശ്ചക്ഷുഃ ശ്രോത്രമഥോ ബലമിന്ദ്രിയാണി ച സർവാണി സർവം ബ്രഹ്മൗപനിഷദം മാഹം ബ്രഹ്മ നിരാകുര്യാം മാ മാ ബ്രഹ്മ നിരാകരോത് അനിരാകരണമസ്ത്വനിരാകരണം മേ/സ്തു തദാത്മനി നിരതേ യ ഉപനിഷത്സു ധർമ്മാസ്തേ മയി സന്തു തേ മയി സന്തു.**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.**

(സാമവേദീയ ശാന്തിപാഠം)

ഹേ പരമാത്മാവേ! എന്റെ എല്ലാ അവയവങ്ങളും വാക്ക്, പ്രാണൻ, നേത്രം, ചെവി, ബലം എന്നിവയും, എല്ലാ ഇന്ദ്രിയങ്ങളും ശാരീരികവും മാനസികവുമായ ശക്തിയും ഓജസ്സും - എല്ലാംതന്നെ പുഷ്ടിയെയും വൃദ്ധിയെയും പ്രാപിക്കട്ടെ. ഉപനിഷത്തുക്കളിൽ ബ്രഹ്മത്തിന്റെ ഏതൊരു രൂപമാണോ വർണ്ണിച്ചിരിക്കുന്നത് അതിനെ ഞാൻ ഒരിക്കലും നിരാകരിക്കാതെയിരിക്കട്ടെ. ആ ബ്രഹ്മവും

എന്നെ നിരാകരിക്കാതിരിക്കട്ടെ. എന്നെ എപ്പോഴും സ്വന്തമായി വെയ്ക്കട്ടെ. എന്റെ കൂടെ ബ്രഹ്മത്തിന്റെയും ബ്രഹ്മത്തിന്റെകൂടെ എന്റെയും നിത്യമായ ബന്ധം ഉണ്ടാകട്ടെ. ഉപനിഷത്തുക്കളിൽ ഏതൊരു ധർമ്മത്തെക്കുറിച്ചാണോ പ്രതിപാദിച്ചിരിക്കുന്നത്, ആ മുഴുവൻ ധർമ്മവും ഉപനിഷത്തുക്കളുടെ ഒരേയൊരു ലക്ഷ്യമായ പരമാത്മാവിൽ നിരന്തരം മനസ്സർപ്പിച്ച ഞാനെന്ന സാധകനിൽ എപ്പോഴും പ്രകാശിക്കട്ടെ, എന്നിൽ നിത്യവും നിരന്തരവും ഉണ്ടായിരിക്കട്ടെ, എന്റെ ആധ്യാത്മിക, ആധിദൈവിക, ആധിഭൗതിക താപത്രയങ്ങൾക്ക് ശാന്തി ഉണ്ടാവട്ടെ.

5. **ഓം ഭദ്രം കർണേഭിഃ ശൃണുയാമ ദേവാഃ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ.**
   **സ്ഥിരൈരംഗൈസ്തുഷ്ടുവാസസ്തനൂഭിർവ്യശേമ ദേവഹിതം യദായുഃ.**
   **സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ സ്വസ്തി നഃ പൂഷാ വിശ്വവേദാഃ.**
   **സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ സ്വസ്തി നോ ബൃഹസ്പതിർദധാതു.**
   **ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

(അഥർവവേദീയ ശാന്തിപാഠം)

അല്ലയോ ദേവഗണങ്ങളേ! ഞങ്ങൾ സ്വന്തം കാതുകൊണ്ട് മംഗളത്തെ പ്രദാനം ചെയ്യുന്ന വാക്കുകൾ കേൾക്കട്ടെ. കണ്ണുകളാലും ഞങ്ങൾ അഗ്നിഹോത്രികൾ എപ്പോഴും ശുഭത്തെ ദർശിക്കട്ടെ. ഞങ്ങളുടെ ശരീരവും ഞങ്ങളുടെ ഓരോരോ അവയവവും സുദൃഢവും പുഷ്ടിയുള്ളതുമാകട്ടെ. അത് എന്തിനുവേണ്ടിയെന്നാൽ ഞങ്ങൾ അതുപയോഗിച്ച് അങ്ങയെ സ്തുതിച്ചുകൊണ്ടിരിക്കട്ടെ. ഭഗവാന്റെ കാര്യങ്ങൾക്ക് ഉപകരിക്കുന്ന തരത്തിലുള്ള ആയുസ് ഞങ്ങൾക്ക് ലഭിക്കട്ടെ. ആരുടെ കീർത്തിയാണോ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നത്, ആ ദേവരാജൻ ഇന്ദ്രൻ, സർവ്വജ്ഞനായ പൂഷാവ്, അരിഷ്ടത്തെ കളയുന്നവനായ താർക്ഷ്യൻ (ഗരുഡൻ), ബുദ്ധിയുടെ സ്വാമിയായ ബൃഹസ്പതി ഈ എല്ലാ ദേവതകളും ഭഗവാന്റെ ദിവ്യവിഭൂതികളാണ്. ഇവർ എപ്പോഴും ഞങ്ങളുടെ മംഗളത്തെ പോഷിപ്പിക്കട്ടെ. ഇവരുടെ കൃപകൊണ്ട് ഞങ്ങളുടെ കൂടെയുള്ള പ്രാണികളുടെ മുഴുവൻ മംഗളം ഉണ്ടാകട്ടെ. ആധ്യാത്മിക, ആധിദൈവിക, ആധിഭൗതിക താപത്രയങ്ങൾക്ക് ശാന്തി ഉണ്ടാവട്ടെ.

▸▸

# സുനേത്രീ ഭവ
(നേത്രം, നേത്രചികിത്സ)

മുരളീധരൻ തൃക്കണ്ടിയൂർ

'സർവ്വേന്ദ്രിയാണാം നയനം പ്രധാനം' - എല്ലാ ഇന്ദ്രിയങ്ങളിലും വെച്ച് പ്രധാനം കണ്ണാണ്. മനുഷ്യന് ലോകത്തെക്കുറിച്ചുള്ള വിവരം നൽകുന്നത് പഞ്ചേന്ദ്രിയങ്ങളാണ്. ശ്രോത്രം-ത്വക്ക്-രസന-ഘ്രാണം-നേത്രം എന്നിവയിലൂടെ ശബ്ദ-സ്പർശ-രസ-ഗന്ധ-രൂപങ്ങളാകുന്ന ഇന്ദ്രിയാനുഭൂതികൾ (പഞ്ചതന്മാത്രകൾ) ഉണ്ടാകുന്നു. ഈ പഞ്ചതന്മാത്രകളെയും ബാണങ്ങളാക്കി ധരിക്കുന്നവളാണ് ദേവി എന്ന് ലളിതാസഹസ്രനാമം. 'ചലന്മീനാഭലോചന' എന്ന് ദേവിയുടെ നയനത്തെക്കുറിച്ചും സഹസ്രനാമം (ലളിതാ) വർണ്ണിക്കുന്നു. സൗന്ദര്യത്തിന്റെ നിവാസസ്ഥാനവും നയനങ്ങളാണ്. അതുകൊണ്ട് മാത്രമല്ല, 'കണ്ണില്ലാത്തവനെ കണ്ണിന്റെ വിലയറിയൂ' എന്ന ചൊല്ലും അർത്ഥവത്താണ് ഈ മനോഹരമായ ഊർദ്ധ്വാംഗത്തെ രക്ഷിക്കൽ പരമപ്രധാനമാണ്. 'കണ്ണിലെ കൃഷ്ണമണിപോലെ കാത്തുരക്ഷിക്കണം' എന്നു പറയുന്നത് വെറുതെയല്ല.

ചക്ഷുരക്ഷായാം സർവ്വകാലം മനുഷ്യൈർ
യത്നഃ കർത്തവ്യോ ജീവിതേ യാവദിച്ഛാ
വ്യർത്ഥോ ലോകോയം തുല്യരാത്രിന്ദിവാനാം
പുംസാമന്ധാനാം വിദ്യമാനേപി വിത്തേ.

(അഷ്ടാംഗഹൃദയം)

മനുഷ്യർ എത്രകാലം ജീവിക്കാൻ ആഗ്രഹിക്കുന്നുവോ, അത്രയും കാലം കണ്ണിനെ രക്ഷിക്കാൻ യത്നം ചെയ്യേണ്ടതുണ്ട്. രാത്രിയും പകലും ഒരുപോലെയായ അന്ധർക്ക് ധാരാളം സ്വത്തുണ്ടെങ്കിലും ഈ ലോകം എന്നെന്നും ഉപയോഗശൂന്യമാണ്.

വാർദ്ധക്യം നേത്രശക്തിയേയും ബാധിക്കുന്നു. കാണാൻ കഴിഞ്ഞില്ലെങ്കിൽ എന്തു പഠിക്കാനാകും? അതുകൊണ്ട് ശരീരം ചൂടുപിടിച്ചിരിക്കുമ്പോൾ പെട്ടെന്ന് തണുത്ത വെള്ളത്തിൽ കുളിക്കുക. അധികം അകലത്തുള്ള വസ്തുക്കളെ നിരീക്ഷിക്കുക. സൂക്ഷ്മങ്ങളായ വസ്തുക്കളെ നോക്കുക. പ്രകാശമുള്ള വസ്തുക്കളെ നോക്കുക. അതിവേഗം ചലിക്കുന്ന വസ്തുക്കളെ നോക്കുക. പൊടിപടലങ്ങൾ, പുക എന്നിവ കണ്ണിലേല്ക്കുക, മലമൂത്രവേഗങ്ങളെ തടയുക, തുടർച്ചയായി കരയുക,

തലയ്ക്ക് ആഘാതം ഏല്ക്കുക തുടങ്ങിയ കാര്യങ്ങൾ നേത്ര ആരോഗ്യത്തെ ബാധിക്കുന്നു. ഇവ നേത്രരോഗങ്ങൾക്ക് കാരണമായി ഭവിക്കുന്നു.

ആയുർവേദം ത്രിദോഷങ്ങളുടെ അടിസ്ഥാനത്തിൽ നേത്രരോഗങ്ങളെ വിലയിരുത്തുന്നു. ആയുർവേദത്തിലെ അഷ്ടാംഗചികിത്സയിൽ ഊർദ്ധ്വാംഗ ചികിത്സയിലാണ് നേത്രരോഗത്തെ പ്രതിപാദിക്കുന്നത്. ഊർദ്ധ്വാംഗം എന്നാൽ ശിരസ്സ്. ഉത്തമാംഗവും അതു തന്നെ. എന്തെന്നാൽ ശരീരത്തിന്റെ നിലനില്പിന് ഏറ്റവും പ്രധാനമായ പ്രാണൻ, പഞ്ചേന്ദ്രിയങ്ങൾ, സുഷുമ്നാനാഡി എന്നിവയുടെ കേന്ദ്രം ശിരസ്സാണ്.

ഊർദ്ധ്വാംഗ ചികിത്സയെക്കുറിച്ച് പ്രധാനമായും വിവരിക്കുന്ന ഗ്രന്ഥങ്ങൾ വിദേഹതന്ത്രം, നിമിതന്ത്രം, കാങ്കായണതന്ത്രം, ഗാർഗ്യതന്ത്രം, ഗാലവതന്ത്രം, സാത്യകീതന്ത്രം, ശൗനകതന്ത്രം, കരാളതന്ത്രം, ചക്ഷുഷ്യതന്ത്രം, കൃഷ്ണാത്രേയതന്ത്രം എന്നിവയത്രേ. ഇന്ന് ഇവ അലഭ്യമാണ്. മറ്റു ആയുർവേദഗ്രന്ഥങ്ങളിൽനിന്നാണ് ഇവയെക്കുറിച്ച് അറിയാൻ കഴിയുന്നത്.

പട്ടാമ്പിക്കടുത്ത് പള്ളിപ്പുറം റയിൽവേസ്റ്റേഷനു സമീപം പുരാതനമായ ഒരു നേത്രചികിത്സാകേന്ദ്രമുണ്ട്. പുളിയപ്പറ്റ നേത്രചികിത്സാലയം. ബൗദ്ധകാലഘട്ടവുമായി ഈ കേന്ദ്രത്തിന് ബന്ധമുണ്ട്. അഷ്ടാംഗസംഗ്രഹവും അഷ്ടാംഗഹൃദയവും ബൗദ്ധകാലഘട്ടത്തിന്റെ സംഭാവനയാണല്ലോ. നന്ത്യാർ എന്ന പേരിൽ നേത്രസംരക്ഷകയായ ഒരു ദേവത ബുദ്ധസംസ്കാരത്തിലുണ്ട്. നേത്രചികിത്സാകേന്ദ്രങ്ങൾക്കു പുരാതനകാലത്ത് 'നന്ത്യാർവട്ടം' എന്നു പറഞ്ഞിരുന്നു. നന്ത്യാർവട്ടം എന്ന പേരിൽ അറിയപ്പെടുന്ന ഒരു വെളുത്ത പുഷ്പം ഈ ചികിത്സയിൽ പരമപ്രധാനമായിരുന്നു. ചെമ്പരത്തിയുടെ കേസരങ്ങളും കണ്ണുചികിത്സയ്ക്ക് ഉപയോഗിച്ചിരുന്നു. ദശപുഷ്പങ്ങളിൽ ഉൾപ്പെട്ട പൂവ്വാംകുറുന്നില (സഹദേവി) മറ്റൊരു ഔഷധമാണ്. പൂവ്വാംകുറുന്നിലനീരിൽ മുക്കിയെടുത്ത തിരികത്തിച്ച് ഇലയിൽ കാണിച്ച് ഉണ്ടാക്കുന്ന കൺമഷി നേത്രരോഗഹരമാണ്. ത്രിഫല (നെല്ലിക്ക, താന്നിക്ക, കടുക്ക) മറ്റൊരു ഔഷധക്കൂട്ടാണ്.

ത്രിഫലാ രുധിരസ്രുതിർവിശുദ്ധിർ
മനസോ നിർവൃതി രഞ്ജനം ന നസ്യം
ശകുനാശനതാ സപാദപൂജാ
ഘൃതപാനം ച സദൈവ നേത്രരക്ഷാ.

(അഷ്ടാംഗഹൃദയം)

▸▸

▶▶ നെയ്യോ തേനോ ചേർത്ത് ത്രിഫലപ്പൊടി കഴിക്കുക. ഞെരമ്പു കീറി ദുഷിച്ചരക്തം കളയുക. വമനം, വിരേചനം തുടങ്ങിയവകൊണ്ട് ഉള്ളിലുള്ള ദോഷങ്ങൾ കളയുക. ആലേപനം, നസ്യം, പ്രക്ഷാളനം എന്നിവകൊണ്ട് കാൽ ശുദ്ധമാക്കുക. പഥ്യം, ഘൃതപാനം എന്നിവ യാണ് ചികിത്സാവിധികൾ.

കൂടുതൽ വിവരങ്ങൾക്ക് 8943258125 എന്ന നമ്പറിൽ ബന്ധപ്പെ ടാവുന്നതാണ്.

# ഉള്ളിലെ തെളിവ് മുഖ്യം

സി.എം. കൃഷ്ണനുണ്ണി

താപസന് മരണാനന്തരം മോക്ഷം ലഭിക്കാതിരിക്കുകയും അ ദ്ദേഹത്തിന്റെ അയൽപക്കത്തെ വേശ്യാസ്ത്രീക്ക് മോക്ഷം ലഭ്യമാവു കയും ചെയ്തു എന്ന കഥ എന്തു സൂചിപ്പിക്കുന്നു?

നദിയിൽ മുങ്ങിത്താഴുന്ന നഗ്നയായ യുവതിയുടെ ജീവൻ രക്ഷി ച്ചശേഷം യാത്ര തുടർന്ന സംന്യാസിസംഘത്തിലെ ഒരംഗം ആ സ്ത്രീയുടെ അവസ്ഥയെക്കുറിച്ച് ഉത്കണ്ഠപ്പെട്ടപ്പോൾ, 'നീ അവളെ ഇ പ്പോഴും ചുമന്നു നടക്കുകയാണോ' എന്ന് മുതിർന്ന സംന്യാസി ചോ ദിച്ചതായുള്ള കഥ എന്തു സൂചിപ്പിക്കുന്നു?

യുധിഷ്ഠിരന്റെ രാജസൂയയാഗ സ്ഥലത്തെത്തിയ പകുതി പൊ ന്നായ കീരി, യാഗം നിഷ്ഫലമാണെന്ന് അഭിപ്രായപ്പെട്ടതിനെ പു ഞ്ചിരിയോടെ അനുകൂലിച്ച ശ്രീകൃഷ്ണൻ സപ്തശുദ്ധികളെക്കുറിച്ച് വിശ ദീകരിച്ചതിന്റെ പൊരുളെന്ത്?

പുറമേയ്ക്ക് എന്തു നടിക്കുന്നു എന്നതല്ല, മനസ്സിൽ എന്ത് ഉദ്ദേശി ക്കുന്നു, സങ്കല്പിക്കുന്നു എന്നതാണ് മുഖ്യം എന്നാണ് ഇത്തരം എല്ലാ കഥകളുടെയും സൂചന. സൗകര്യംപോലെ വ്യാഖ്യാനങ്ങൾ കണ്ടെ ത്തി രക്ഷപ്പെടുന്നതല്ല, മറിച്ച് മനസ്സിന്റെ അന്തരാളത്തിലെ പ്രവണ തയും പ്രേരണയും തിരിച്ചറിഞ്ഞ് ശരിതെറ്റുകൾ നിർണ്ണയിക്കുന്നതാ ണ് കേമത്തവും മഹത്വവുമായി ഭാരതീയ സംസ്കാരം എന്നും ഉയർ ത്തിക്കാട്ടിപ്പോന്നിട്ടുള്ളത്.

ച്യവനമഹർഷിയുടെ കണ്ണുകൾ അറിയാതെ കുത്തിപ്പൊട്ടിച്ച സുകന്യ എന്ന രാജകുമാരിയുടെ കഥ ദേവീഭാഗവതത്തിൽ (7-2) കാ ണാം. തന്റെ തെറ്റ് തിരിച്ചറിഞ്ഞ സുകന്യ തന്റെ ജീവിതം വൃദ്ധനാ യ ച്യവനനെ ശുശ്രൂഷിക്കുവാനായി വനാന്തരത്തിൽ ചെലവിടാൻ

തയ്യാറായി. അച്ഛനായ ശര്യാതിയും മറ്റു ബന്ധുക്കളും പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും സുകന്യ വഴങ്ങിയില്ല. തന്റെ ബാല്യചാപല്യത്തിനു വിലയായി അവൾ തന്റെ യൗവ്വനത്തെയും രാജകീയ സുഖഭോഗങ്ങളെയും ഉപേക്ഷിച്ചു.

സുകന്യയാണ് ച്യവനന്റെ കണ്ണുകൾ പൊട്ടിച്ചതെന്നതിന് വ്യക്തമായ തെളിവുകളൊന്നും ഉണ്ടായിരുന്നില്ല. നിയമപാലകനും രാജ്യപാലകനുമായ രാജാവ് അവളുടെ വത്സലപിതാവുമായിരുന്നു. എന്നിട്ടും കുറ്റം ഏറ്റുപറഞ്ഞ് മഹർഷിയുടെ ഇംഗിതത്തിനു വഴങ്ങിയ സുകന്യ ഭാരതീയ പൗരത്വത്തിനുള്ള ഉത്തമമാതൃകയാണ്.

ശ്രീരാമനും ശ്രീകൃഷ്ണനും അനവധി വധങ്ങൾ നടത്തിയിട്ടുണ്ട്. ആ വധചരിത്രങ്ങൾ ഇന്നും നമ്മുടെ മുന്നിൽ തുറന്നുകിടപ്പുണ്ട്. ഓരോന്നിനും ധാർമ്മികമായ ന്യായീകരണങ്ങളുണ്ട്. അവ നമുക്ക് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുവാനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം അവശേഷിക്കുന്നു. ശ്രീരാമൻ ബാലിയെ വധിച്ച രീതി ശരിയായോ എന്നും ശംബൂകനെ വധിച്ചത് (ഇത് കെട്ടിച്ചമച്ച കഥ) ശരിയായോ എന്നും ഇന്നും ചില കേന്ദ്രങ്ങൾ ചർച്ചചെയ്യാറുണ്ട്. ബാലിയുടെ ഭാര്യയായ താരയോടുതന്നെ സ്വന്തം നിലപാട് വ്യക്തമാക്കുവാൻ ശ്രീരാമൻ തയ്യാറായി. ഈ തുറന്ന സമീപനം, ധാർമ്മികമായ നിലപാട് ഭാരതീയതയുടെ മുഖമുദ്രയാണ്.

എന്നാൽ ഇന്നോ? പുറമെയുള്ള തെളിവുകളും സാക്ഷിമൊഴികളും ആണ് ഇന്നു മുഖ്യം. അവ ഹാജരാക്കേണ്ട ബാദ്ധ്യത പ്രോസിക്യൂഷന്റേതുമാണ്. കുറ്റകൃത്യത്തിനു വിധേയരായവർ കുറ്റവാളിയെ ശിക്ഷിക്കുവാൻ തെളിവുകൾ കണ്ടെത്തി ഹാജരാക്കണം. പീഡനത്തിനു പുറമേ ഇങ്ങനെയൊരു കൊടിയപീഡനംകൂടി... തെളിവുകൾ നശിപ്പിക്കുവാനും സാക്ഷികളെ നിശ്ശബ്ദരാക്കുകയും കൂറുമാറ്റുകയും ചെയ്യുവാനും കുറ്റവാളിയ്ക്കു കഴിയുമ്പോൾ ചരിത്രം യാഥാർത്ഥ്യത്തോട്ടു പുലബന്ധംപോലുമില്ലാത്ത മറ്റൊന്നായിത്തീരുന്നു. കേട്ടുകേൾവികളും ഊഹങ്ങളും സത്യവും, തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ചരിത്രം, മിത്ഥ്യയുമാവുമ്പോൾ നഷ്ടപ്പെടുന്നത് മാനവീയതയുടെയും സംസ്കാരത്തിന്റെയും തിളക്കമാണ്.

ഭാരതീയ ദാർശനികന്മാർ സപ്തദോഷങ്ങളായി ചൂണ്ടിക്കാട്ടിയിരിക്കുന്നത് ഇവയെയാണ് - 1) തത്വദീക്ഷയില്ലാത്ത പ്രവർത്തനം, 2) അദ്ധ്വാനിക്കാതെ ആർജ്ജിക്കുന്ന ധനം, 3) മനഃസാക്ഷിക്കു യോജിക്കാത്ത സുഖഭോഗം, 4) സ്വഭാവശുദ്ധിയെ അവഗണിക്കുന്ന വിജ്ഞാനം, 5) ധാർമ്മികചിന്ത വെടിഞ്ഞ വ്യാപാരം, 6) മനുഷ്യത്വത്തെ അവഗണിക്കുന്ന ശാസ്ത്രം, 7) ത്യാഗമില്ലാത്ത ഈശ്വരാരാധന.

▸▸ ഗാന്ധിയും സമൂഹത്തെ ജീർണ്ണിപ്പിക്കുന്ന ഏഴു ദോഷങ്ങളായി ഇവയെ ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ട്. ഈ ഏഴു ദോഷങ്ങളുമാണ് നമ്മുടെ രാജ്യത്ത് മുഴുത്തിരിക്കുന്നത്. സ്വന്തം ഗൂഢോദ്ദേശങ്ങൾക്കും ഗൂഢാലോചനകൾക്കും തെളിവില്ലെന്ന് ഊറ്റം കൊള്ളുന്നവർ നമ്മുടെ സംസ്കാരത്തിന്റെ തിളക്കം കെടുത്തുന്നു; അതിന്റെ അതിജീവന സാദ്ധ്യത മുരടിപ്പിക്കുന്നു.

ഔഷധസസ്യങ്ങൾ - 4

# താന്നിക്ക

ഉണ്ണികൃഷ്ണൻ കിഴുത്താനി

പ്രസിദ്ധമായ 'ത്രിഫല' ഗണത്തിൽപ്പെടുന്ന മൂന്നാമത്തെ 'താന്നിക്ക'യാണ് ഈ പംക്തിയിൽ ഇപ്രാവശ്യം പരിചയപ്പെടുത്തുന്നത്. കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ മൂന്നും ഒന്നിച്ചു ചേരുമ്പോഴുണ്ടാകുന്ന ഫലപ്രാപ്തി അത്ഭുതാവഹമാണ്. സംസ്കൃതത്തിൽ താന്നിക്കയെ വിഭീതകി എന്നു വിളിക്കുന്നു. ഫല(കായ്)മാണ് പ്രധാനമായും ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.

നമ്മുടെ നാട്ടിൽ ഇത് ധാരാളമായി കണ്ടുവരുന്നു. ജനവരി, ഫെബ്രുവരി മാസങ്ങളിലാണ് ഫലങ്ങൾ ശേഖരിക്കുന്നത്. ഇതിൽ വിലതീരാത്ത ഔഷധമൂല്യമുള്ള രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ട്. ഇത് രൂക്ഷ-ലഘു ഗുണത്തോടുകൂടിയതും, കഷായ രസവുമാണ്. വിപാകത്തിൽ മധുരവും, വീര്യത്തിൽ ഉഷ്ണവുമാണ്.

ഉഷ്ണവീര്യമായതുകൊണ്ട് വാതത്തേയും രൂക്ഷലഘുകഷായമധുരമായതുകൊണ്ട് പിത്തത്തേയും ശമിപ്പിക്കുന്നു. താന്നിക്ക ദീപനവും, അനുലോമനവും, ക്രിമിഹരവുമാണ്. കണ്ണിലെ മിക്കവാറുമെല്ലാ അസുഖങ്ങൾക്കും കൈകണ്ട ഔഷധമാണ്. ചേരുവയോടൊത്തു ചേരുമ്പോൾ താന്നിക്കയുടെ വീര്യം വർദ്ധിക്കുന്നു.

ത്രിദോഷജന്യവികാരങ്ങൾക്ക് ഔഷധമായി ഉപയോഗിക്കുന്നു. ബാഹ്യലേപന (പുറമേ പുരട്ടാൻ) മായും ധാരാളം പ്രയോജനങ്ങളുണ്ട്. കാസം, ശ്വാസംമുട്ട്, ശ്വാസതടസ്സം തുടങ്ങിയ രോഗങ്ങൾക്ക് ആന്തരികമായും ഉപയോഗിക്കുന്നു. മനംപിരട്ടൽ, ഉരുണ്ടുകയറൽ, ഛർദ്ദി, അർശ്ശസ്സ് തുടങ്ങിയവയെ ശമിപ്പിക്കുന്നു.

ആയുർവേദത്തിൽ താന്നിക്ക പ്രധാനചേരുവയായി ഉപയോഗിക്കുന്ന ത്രിഫലാചൂർണ്ണം, ത്രൈഫലഘൃതം, ത്രിഫലാദിഘൃതം, വി

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | | |
|---|---|---|---|
| 1. | Place of Publication | : | Thrissur |
| 2. | Periodicity of publication | : | Quarterly |
| 3. | Printer's Name | : | Sreekanth C. |
| | Nationality | : | Indian |
| | Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. | Publisher's Name | : | Sreekanth C. |
| | Nationality | : | Indian |
| | Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. | Editor's Name | : | D. Prakash |
| | Nationality | : | Indian |
| | Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. | Owner's Name | : | Shripuram Publications |
| | Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. | Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

ഭീതകതൈലം, താലീസാദിചൂർണ്ണം, ലവംഗാദി ഗുളിക തുടങ്ങിയവ വളരെയേറെ പ്രയോജനപ്രദമാണ്.

കൂടുതൽ വിവരങ്ങൾ അറിയുന്നതിന് 9495132108 എന്ന നമ്പ റിൽ ബന്ധപ്പെടാവുന്നതാണ്.

# ഉത്സവം ദേവചൈതന്യവർദ്ധനം

പറവൂർ ജ്യോതിസ്സ്

## 'ഉത്സവ' പദത്തിന്റെ അർത്ഥവും നിഷ്പത്തിയും

പെട്ടെന്നുണ്ടാകുന്ന ആനന്ദജനകവ്യാപാരം അഥവാ നിയതാ ഹ്ലാദജനകവ്യാപാരം എന്ന് 'ഉത്സവ'ത്തെ അർത്ഥകല്പന ചെയ്യാം. ഉത് എന്ന ഉപസർഗ്ഗം മുമ്പിലുള്ള 'സു' ധാതുവിനോടുകൂടി ('ഷു' പ്രസ വൈശ്വര്യയോഃ) അച് പ്രത്യയം ചേരുമ്പോൾ ഉത്സവം എന്ന പദം ലഭിക്കുന്നു.

ഉത്സൂതേ ഹർഷം ഇത്യേഷ ഉത്സവഃ പരികീർത്ത്യതേ (സന്തോ ഷം ഉണ്ടാക്കുന്ന കർമ്മത്തെ ഉത്സവം എന്നു പറയുന്നു).

സവഃ കല്യാണസയുക്തഃ സർവജന്തുഹിതാവഹഃ
ഉദ്ഭൂതസ്തു സവോ യസ്മാത് തസ്മാദുത്സവ ഉച്യതേ.

(സർവ്വ ജീവജാലങ്ങൾക്കും സന്തോഷവും മംഗളവും ഉണ്ടാക്കു ന്ന പ്രക്രിയയെ ഉത്സവം എന്നു പറയുന്നു.)

## ജീവിതചര്യയിൽ ക്ഷേത്രപ്രാധാന്യം

ഒരു മനുഷ്യന്റെ ജീവിതം സഫലവും, സുഖകരവുമാക്കിത്തീർ ക്കുവാൻ മൂന്നു മാർഗ്ഗങ്ങൾ ഋഷീശ്വരന്മാർ നിർദ്ദേശിക്കുന്നുണ്ട്. അവ ഭക്തി, ജ്ഞാനം, കർമ്മം എന്നിവയാണ്. മാനസികമായി പക്വത വന്ന ആത്മധീരന്മാർക്ക് ജ്ഞാനമാർഗ്ഗം സ്വീകരിക്കാം. ജീവിതാ നുഭവങ്ങളിൽ ആസക്തിയുള്ളവർക്ക് കർമ്മമാർഗ്ഗം സ്വീകരിക്കാം. ജീവിതത്തിന്റെ ക്ഷണികതയിൽ വിശ്വസിക്കുന്നുണ്ടെങ്കിലും അതി നോടുള്ള ബന്ധം വിടുവാൻ മനസ്സുവന്നവർക്ക് ഭക്തിമാർഗ്ഗവും പിന്തു ടരാം.

സാധാരണക്കാരായ ബഹുഭൂരിപക്ഷം ആളുകളും ഒടുവിൽ പറ ഞ്ഞ ഭക്തിമാർഗ്ഗത്തിലൂടെ ജീവിതസുഖവും ആത്മശാന്തിയും കൈ വരിക്കുന്നു. ഇതിന് ഋഷീശ്വരന്മാർ രൂപകല്പനചെയ്ത ക്ഷേത്രങ്ങൾ

അവശ്യഘടകങ്ങളായി വർത്തിക്കുന്നു. സാർവ്വത്രികമായ അഥവാ പഞ്ചഭൂതാത്മകമായ ഈശ്വരചൈതന്യത്തെ ഭക്തജനങ്ങളുടെ അഭീഷ്ടത്തിനനുസരിച്ച് രൂപഭാവത്തിൽ പ്രതിഷ്ഠിച്ച് (ലിംഗം, ബിംബം, വിഗ്രഹം, പ്രതിഷ്ഠ) ആരാധിച്ചനുഭവിക്കാൻ സാധിക്കുന്നത് ക്ഷേത്രങ്ങളിൽക്കൂടിയാണ്. അതായത് ഭക്തിമാർഗ്ഗത്തിന്റെ ഉത്ഭവവികാസകേന്ദ്രങ്ങളാകുന്ന ക്ഷേത്രങ്ങൾ എന്ന താല്പര്യം. ക്ഷേത്രങ്ങൾ നിർമ്മിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യേണ്ടത് ഹൈന്ദവധർമ്മമായി നാം കരുതണം. ക്ഷേത്രദർശനം മൂലം ജനങ്ങൾക്ക് ദൈവവിശ്വാസവും ആത്മബോധവും ഉണ്ടായിത്തീരും. അടിയുറച്ച ഈശ്വരവിശ്വാസംകൊണ്ട് ജീവിതവിജയം കരസ്ഥമാക്കുവാൻ കഴിയും എന്ന് ശ്രീനാരായണഗുരുദേവൻ, ശ്രീരാമകൃഷ്ണപരമഹംസൻ മുതലായ യോഗിവര്യന്മാർ നമ്മെ ഉപദേശിച്ചത് അവരുടെ അനുഭവങ്ങളിൽകൂടി മാത്രമായിരുന്നു.

## നാം ക്ഷേത്രചൈതന്യം വർദ്ധിപ്പിക്കണം

പ്രശാന്തസുന്ദരമായ ജീവിതത്തിന് അത്യന്താപേക്ഷിതമായ ക്ഷേത്രങ്ങളുടെ ചൈതന്യവർദ്ധനവിനുവേണ്ടി അഞ്ചു ഉപായങ്ങൾ 'വിഷ്ണു സംഹിത'യിൽ പറയുന്നുണ്ട്. അവ 1) തന്ത്രിയുടെ നിഷ്ഠ, 2) വേദപാരായണം, 3) ലോപം കൂടാതെയുള്ള നിത്യപൂജാദികൾ, 4) ഉത്സവം, 5) അന്നദാനം എന്നിവയാകുന്നു.

> ആചാര്യതപസാമ്നായജപേന നിയമേന ച
> ഉത്സവേനാന്നദാനേന ക്ഷേത്രവൃദ്ധിസ്തു പഞ്ചധാ

1) **ആചാര്യ തപസ്സ്** (തന്ത്രിയുടെ നിഷ്ഠ) - നിത്യവും സന്ധ്യാവന്ദനം, സ്വാദ്ധ്യായം, വേദപാരായണം, ഇഷ്ടദേവതാമൂലമന്ത്രജപം, ഹോമം, അർച്ചന, തർപ്പണം മുതലായവ തന്ത്രി ചെയ്തുകൊള്ളണം.

2) **ആമ്നായജപം** (വേദപാരായണം) - മുറജപം, രാമായണപാരായണം, ശ്രീമദ്ഭാഗവതസപ്താഹം, ലളിതാസഹസ്രനാമം, വിഷ്ണുസഹസ്രനാമം മുതലായവയുടെ പാരായണം എന്നിവ ക്ഷേത്രങ്ങളിൽ നടത്തണം.

3) **നിയമം** - ലോപം കൂടാതെ ഉക്തവാസരവ്യവസ്ഥ അനുസരിച്ചുള്ള ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പൂജ, ഹോമം, നിവേദ്യം മുതലായവ നിഷ്കർഷയോടെ ക്ഷേത്രങ്ങളിൽ ചെയ്തുകൊള്ളണം.

4) **ഉത്സവം** - വർഷംതോറും ആചരിച്ചുവരുന്ന ഉത്സവം മുടക്കം കൂടാതെ അനുഷ്ഠാനപ്രധാനമായി ചെയ്യണം.

**5) അന്നദാനം** - ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിൽനിന്നും അന്നം (പ്രസാദ ഊട്ട്) കൊടുക്കണം.

ആയിരക്കണക്കിന് ആനകളെയും, കുതിരകളെയും, കോടിക്കണക്കിന് പശുക്കളെയും സ്വർണ്ണനിർമ്മിതമായ അനേകം പാത്രങ്ങളെയും, സാഗരംവരെ നീണ്ടുകിടക്കുന്ന ഭൂമിയേയും, മാതാവിന്റെയും പിതാവിന്റെയും കുലശുദ്ധിയോടുകൂടി പിറന്ന അനേകം കന്യകകളെയും നമുക്ക് ദാനം ചെയ്യുവാൻ സാധിക്കും. എന്നാൽ അന്നദാനത്തിന് സമമായി ഈ ദാനങ്ങൾ ഒന്നുംതന്നെ പര്യാപ്തമാകുന്നില്ല.

ഗജതുരഗസഹസ്രം ഗോകുലം കോടിദാനം
കനകരചിതപാത്രം മേദിനീസാഗരാന്തം
ഉഭയകുലവിശുദ്ധം കോടി കന്യാപ്രദാനം
നഹി നഹി ബഹുദാനം അന്നദാനം സമാനം

ഈ അഞ്ച് കാര്യങ്ങൾ കൂടാതെ, കൂടുതൽ ഭക്തജനങ്ങൾ നിത്യവും ക്ഷേത്രദർശനം ചെയ്താലും ക്ഷേത്രത്തിലെ ദേവതയുടെ ചൈതന്യം വർദ്ധിക്കുമെന്ന് അന്യത്ര കാണുന്നു.

## 'തന്ത്രസമുച്ചയം' - ഉത്സവാചരണത്തിന് ആധാരം

നമ്മുടെ നാട്ടിൻപുറങ്ങളിൽ കാവുകളിൽ നടത്തുന്ന താലപ്പൊലി, വേല, തീയ്യാട്ട് മുതലായ ആഘോഷങ്ങൾക്കും ചിലർ ഉത്സവം എന്നു പറയാറുണ്ട്. എന്നാൽ താന്ത്രികവിധിപ്രകാരമുള്ള എല്ലാ ക്രിയകളോടും, മറ്റ് ആഘോഷങ്ങളോടുംകൂടി ക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന ഉത്സവത്തെയാണ് ഇവിടെ 'ഉത്സവ' ശബ്ദംകൊണ്ടുദ്ദേശിക്കുന്നത്. 'തന്ത്രസമുച്ചയ'ത്തിൽ പ്രധാനപ്പെട്ട ഏഴു ദേവന്മാരുടെ പ്രതിഷ്ഠ കഴിഞ്ഞാൽ നാലാം ദിവസത്തെ സ്നാനം കഴിഞ്ഞ് ഉത്സവം ആചരിക്കുവാൻ വിധിക്കുന്നു. ഇവിടെ നിത്യപൂജ ചെയ്യേണ്ടതുപോലെത്തന്നെ ഓരോ സംവത്സരത്തിലും പ്രത്യേകം നക്ഷത്രത്തിലോ തിഥിയിലോ ഉത്സവം നടത്തിക്കൊള്ളണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

അഥ പ്രതിഷ്ഠാസ്നപനാദ്യനന്തരം
സമാചരേത് സർവസുപർവസൂത്സവം
തതോ/നു സംവത്സരമുക്തവാസര-
വ്യവസ്ഥയാ ചാഖിലസമ്പദാപ്തയേ

ഉക്തവാസരവ്യവസ്ഥ എന്നാൽ ആഗമങ്ങളിൽ പറഞ്ഞിട്ടുള്ള ദിവസനിയമങ്ങൾക്ക് അനുസരിച്ച് എന്ന് അർത്ഥമെടുക്കണം. പരമശിവന്റെ അഞ്ച് മുഖങ്ങളിൽനിന്ന് ആഗമിച്ച (പുറത്തുവന്ന), വാസു

ദേവന്റെ മതങ്ങൾ (തത്ത്വങ്ങൾ) പാർവ്വതിയുടെ മുഖത്തേയ്ക്ക് ഗമിച്ചതുകൊണ്ട് ആഗമം എന്നും, പാർവ്വതിയുടെ മുഖത്തുനിന്നും ശ്രീകൃഷ്ണ തത്ത്വങ്ങൾ ശിവന്റെ മുഖത്തേയ്ക്ക് ഗമിച്ചതുകൊണ്ട് നിഗമം എന്നും പേരുവന്നു.

ആഗതം ശിവവക്ത്രേഭ്യഃ ഗതം തു ഗിരിജാനനേ
മതം തു വാസുദേവസ്യ തസ്മാദാഗമ ഉച്യതേ
നിർഗ്ഗതം ഗിരിജാവക്ത്രാത് ഗതം തു ഗിരിശശ്രുതൗ
മതം തു വാസുദേവസ്യ നിഗമഃ പരികഥ്യതേ

## ഉത്സവം മൂന്നു വിധം

പടഹാദി, ധ്വജാദി, അങ്കുരാദി എന്നീ മൂന്നുവിധം ഉത്സവങ്ങൾ നിലവിലുണ്ട്.

1. **പടഹാദി** – പടഹാദ്യുത്സവത്തിന് ധ്വജാരോഹണം പതിവില്ല. ചെണ്ട, തപ്പ് മുതലായ അസുരവാദ്യങ്ങൾ അടിച്ച് ശബ്ദമുണ്ടാക്കി ഉത്സവം നടത്തുന്നു. കുടിവെപ്പ് രൂപത്തിൽ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിലാണ് ഇവ സാധാരണയായി കാണുന്നത്. ഇവിടെ കളംപാട്ട്, തുള്ളൽ, ഗുരുതിതർപ്പണം മുതലായ തമോഗുണകർമ്മങ്ങളോടുകൂടി ഉത്സവം അവസാനിക്കുന്നു.

2. **ധ്വജാദി** – ധ്വജാദ്യുത്സവത്തിന് ചുരുങ്ങിയത് 5 ദിവസമെങ്കിലും വേണമെന്നാണ് നിയമം. ഇതിന്റെ ക്രിയാംഗമായി തന്ത്രി തലേദിവസം പ്രാസാദശുദ്ധി മുതലായ ക്രിയകൾ നടത്തി പിറ്റേദിവസം ഉഷസ്സിന് ഗണപതിഹോമത്തോടുകൂടി ധ്വജാരോഹണം നടത്തുന്നു. ബാക്കി ക്രിയാംഗങ്ങൾ മിക്കവാറും അങ്കുരാദ്യുത്സവത്തിൽ വിധിച്ചിട്ടുള്ളവയാണ്.

3. **അങ്കുരാദി** – ഉത്തമമായതും പ്രാധാന്യമർഹിക്കുന്നതും അങ്കുരാദി ഉത്സവാണ്. കൊടികയറുന്ന ദിവസം തന്ത്രി മുളയറയിൽ 16 പാലികകളിൽ ധാന്യം മുളപ്പിക്കുന്നു. ഓരോ ദേവതയ്ക്കും പ്രത്യേകം വിധിച്ചിട്ടുള്ള ധാന്യങ്ങൾ പാലികകളിൽ വിതച്ച് (പാലിക – നവധാന്യങ്ങൾ മുളപ്പിക്കാനുപയോഗിക്കുന്ന, മുളയുടെയോ മണ്ണിന്റെയോ, ചുവട്ടിൽ സുഷിരങ്ങൾ ഉള്ള പരന്ന പാത്രം) അതിൽ നിത്യവും വിശേഷാൽ പൂജകൾ ചെയ്ത് കലകളെ ആവാഹിച്ച് പൂജിച്ച് ചൈതന്യം വരുത്തി, ദേവതയുടെ പള്ളിനിദ്രയ്ക്ക് ചുറ്റും പാലികകൾ വച്ചുകൊള്ളുന്നു. പാലകകളിൽ മുളപ്പിച്ചിട്ടുള്ള ധാന്യങ്ങളിലെ ഔഷധവീര്യവും ദേവകലകളുടെ സാന്നിദ്ധ്യവും ദേവന്റെ സുഷുപ്തിയിൽ ▸▸

ദേവകൾ ലയിക്കുന്നു എന്ന് സങ്കല്പം. നവഗ്രഹങ്ങളിൽനിന്നും നക്ഷത്രങ്ങളിൽനിന്നും ബഹിർഗമിക്കുന്ന ഊർജ്ജത്തെ വിഗ്രഹത്തിലേക്ക് സംക്രമിപ്പിക്കുക എന്ന ക്രിയയാണ് ഇവിടെ സംഭവിക്കുന്നത്. (Cosmic and Planetory Energisation).

നവധാന്യങ്ങളാകുന്ന ഉപാധികൊണ്ട് മുളയിടൽ എന്ന ക്രിയയിൽക്കൂടി ബഹിരാകാശോർജ്ജത്തെ ദേവതാവിഗ്രഹത്തിൽ കൊണ്ടുവന്ന് ആ ഊർജ്ജത്തെ ഭക്തരിൽ പ്രസരിപ്പിക്കുന്ന ഋഷീശ്വരന്മാരുടെ രഹസ്യമായ വിദ്യ ഇവിടെ പ്രായോഗികമാകുന്നതുകൊണ്ട് മൂന്നു ഉത്സവങ്ങളിലുംവെച്ച് അങ്കുരാദ്യുത്സവത്തിനാണ് പ്രാധാന്യം.

**ധ്വജാരോഹണം - 'ഇദം ശരീരം കൗന്തേയ ക്ഷേത്ര**മിത്യഭിധീയതേ' എന്നാണ് ശ്രീകൃഷ്ണപരമാത്മാവ് അർജ്ജുനനെ ഉപദേശിച്ചത്. ക്ഷേത്രത്തിലെ സ്ഥിരമായുള്ള ധ്വജസ്തംഭവും, ഉത്സവത്തിനായി താത്ക്കാലികമായി ഉയർത്തുന്ന കൊടിമരവും, ദേവന്റെ നട്ടെല്ലായി ഋഷീശ്വരന്മാർ ബന്ധപ്പെടുത്തിയിരിക്കുന്നു. കൊടിക്കൂറയിൽ ദേവകലകളെ ആവാഹിച്ച് സാന്നിദ്ധ്യപ്പെടുത്തി, ഇഡ, പിംഗള എന്നീ രണ്ടു കയറിൽക്കൂടി മുകളിലേയ്ക്ക് ഉയർത്തി പ്രപഞ്ചത്തിൽ ലയിപ്പിച്ച് സർവ്വചരാചരങ്ങളിലും വിശേഷിച്ച് ഭക്തജനങ്ങളിലും ദേവതയുടെ അനുഗ്രഹകലകളെ വർഷിക്കുന്നതിന് ചെയ്യുന്ന മംഗളകർമ്മമാണ് ധ്വജാരോഹണം അഥവാ കൊടിയേറ്റം. ദേവന്റെ മുമ്പിൽ നിത്യസന്നിഹിതനായിരിക്കുന്ന വാഹനത്തിന്റെ ചൈതന്യം, ദേവന്റെ അനുജ്ഞയോടുകൂടി അല്പമാത്രമായി, കൊടിമരത്തിൽ സ്ഥാപിക്കുവാനുള്ള വാഹനരൂപത്തിലേക്ക് ആവാഹിക്കുന്നു. ധ്വജപ്രതിഷ്ഠ കഴിഞ്ഞ ക്ഷേത്രങ്ങളിൽ കൊടിക്കൂറ മാത്രം ഉയർത്തുന്നു. അവിടെ കൊടിക്കൂറയിലേയ്ക്ക് വാഹനാവാഹന ചെയ്യുന്നു. ഓരോ ദേവതയുടേയും വാഹനമായി കാള, ഗരുഡൻ, മൂഷികൻ, കുതിര, സിംഹം, വേതാളം, മയിൽ മുതലായവ ശിവൻ, വിഷ്ണു, ഗണപതി, ശാസ്താവ്, ഭഗവതി, ഭദ്രകാളി, സുബ്രഹ്മണ്യൻ മുതലായ ദേവതാക്രമത്തിൽ ധ്വജത്തിന്റെ മുകളിൽ പ്രതിഷ്ഠാ സങ്കല്പം ചെയ്യുന്നു.

കൊടിയേറ്റദിവസംതന്നെ ചെയ്യേണ്ട മറ്റൊരു പ്രധാനക്രിയയാണ് അങ്കുരാരോപണം അഥവാ മുളയിടൽ. മുളയിടലിന് മുമ്പുതന്നെ പ്രാസാദശുദ്ധിയും ബിംബശുദ്ധിയും കഴിയണം. ആറാട്ടിന് തലേ ദിവസം രാത്രി പള്ളിക്കുറുപ്പിനു വിരിക്കുന്ന ശയ്യയ്ക്കു ചുറ്റും അലങ്കരിക്കാൻ വെയ്ക്കാനുള്ള മുളമ്പാലികകളിൽ വിത്തിടുന്ന ക്രിയയാണ് മുളയിടൽ. ഓരോ ദേവതയ്ക്കും പ്രത്യേകം വിത്ത് മുളപ്പിക്കണം. മുളയിട്ടു കഴിഞ്ഞാൽ പള്ളിക്കുറുപ്പുവരെ പതിവായി മുളമ്പാലികകളിൽ പൂജ

ചെയ്യുകയും മഞ്ഞപ്പൊടിയും, അഷ്ടഗന്ധവും ചേർത്ത വെള്ളംകൊണ്ട് മന്ത്രസഹിതമായി നനയ്ക്കുകയും വേണം.

## ഉത്സവബലി

കൊടിയേറ്റം കഴിഞ്ഞാൽ ആറാട്ടുനാൾവരെ പതിവായി രാവിലേയും വൈകീട്ടും ദേവന്റെ പരിവാരങ്ങൾക്ക് ബലിതൂവുന്നു. ഇത് ഉത്സവബലിയോ ശ്രീഭൂതബലിയോ ആകാം. ഏതെങ്കിലും ഒരു ദിവസം ഉത്സവബലിയും, ബാക്കി ദിവസങ്ങളിൽ ശ്രീഭൂതബലിയായിട്ടും, എല്ലാ ദിവസവും രാവിലെ ഉത്സവബലിയും വൈകീട്ട് ശ്രീഭൂതബലിയായിട്ടും നടപ്പുണ്ട്. ഉത്സവബലിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയെന്തെന്നാൽ ശൈവ, വൈഷ്ണവ ശാക്തേയങ്ങളായ സത്വരജസ്തമോ മൂർത്തികൾക്കും, ഭൂതപ്രേത പിശാചുകൾക്കും എല്ലാവർക്കും ബലികൊടുക്കുന്നു എന്നതാണ്. ഈ സമയത്ത് ഇവരെ എല്ലാവരേയും തന്ത്രി നമസ്കരിക്കുകയും ചെയ്യുന്നു. തന്ത്രസമുച്ചയത്തിൽ ഈ വിഷയം പ്രത്യേകം പറയുന്നുണ്ട്. വിഷ്ണുപാരിഷദന്മാർ, ശിവപാരിഷദന്മാർ, മാതൃഗണങ്ങൾ, മനുഷ്യർക്ക് ദോഷംചെയ്യുന്ന ദേവതമാർ, ഗുണം ചെയ്യുന്നവർ, ദോഷവും ഗുണവും ചെയ്യുന്നവർ, ഇവരുടെ ഗണങ്ങൾ - ഇവരെല്ലാവരെയും ഭയഭക്തിബഹുമാനത്തോടെ തന്ത്രി നമസ്കരിച്ചതിനുശേഷമാണ് ബലിതുകുന്നത്. ഞങ്ങൾ നിങ്ങൾക്കുതരുന്ന ഉത്തമമായ ഈ ബലി നിങ്ങൾ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണം എന്ന മന്ത്രസഹിതമായ പ്രാർത്ഥന ഏറ്റവും പ്രധാനപ്പെട്ടതാണ്.

ഗൃഹ്ണന്തു ബലിമേതന്തു ബാഹ്യസ്ഥാ വിഹഗാനനാഃ
യേ ക്രൂരാ യേ/ല്പസത്ത്വാശ്ച ഭൂതപ്രേതപിശാചകാഃ
വേതാളാശ്ചൈവ മാതംഗാഃ ഹീനാഹീനാശ്ച യേ ഗണാഃ
സർവ്വേഷാം ചൈവ തേഷാം ച ഹരാമി ബലിമുത്തമം.

'അമ്പലത്തിനകത്തു വസിക്കുന്ന ദേവതമാർ, ഉപദേവതമാർ, പുറത്തു വസിക്കുന്ന പക്ഷിയുടെ മുഖമുള്ള ചൈതന്യങ്ങൾ, ക്രൂരന്മാരായ ചൈതന്യങ്ങൾ, അല്പമായി സത്വഗുണമുള്ളവർ, ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ, വേതാളങ്ങൾ. ആനമറുത മുതലായ മാതംഗങ്ങൾ, ഹീനന്മാരും അഹീനന്മാരുമായ ഗണങ്ങൾ, ഗ്രാമങ്ങളിൽ വസിക്കുന്നവർ, പർവ്വതങ്ങളിലും കാടുകളിലും വസിക്കുന്നവർ - സഞ്ചരിക്കുന്നവർ, കടലിൽ വസിക്കുന്നവർ - സഞ്ചരിക്കുന്നവർ, നാല്ക്കവലകളിൽ വസിക്കുന്നവർ, ശൂന്യഗൃഹങ്ങളിൽ വസിക്കുന്നവർ, ശൂന്യഗ്രാമങ്ങളിൽ ഉള്ളവർ, വൃക്ഷത്തിൽ വസിക്കുന്നവർ, സ്കന്ദഗ്ര

ഹങ്ങൾ, വിനായകഗ്രഹങ്ങൾ, അമാനുഷോപസർഗ്ഗങ്ങൾ, ബധിരന്മാർ, അന്ധർ, ജളർ, കൃശർ, ദീർഘൻ, ഹ്രസ്വൻ, മുണ്ഡൻ, നപുംസകം... എല്ലാവരും ഞങ്ങളുടെ നമസ്കാരം സ്വീകരിച്ച് ഞങ്ങൾ തരുന്ന ബലി സ്വീകരിച്ച് ഞങ്ങളെ എല്ലാവരേയും അനുഗ്രഹിക്കണം.

ജലത്തിൽ വസിക്കുന്ന മത്സ്യങ്ങളെയും കരയിൽ ജീവിക്കുന്ന ജീവികളെയും സങ്കല്പിച്ച് ബലിതൂകുന്ന സങ്കല്പവും മുതലയുടെ രൂപത്തിൽ അന്നത്തെ രൂപപ്പെടുത്തുന്നതുകൊണ്ട് കാണാൻ സാധിക്കും. ഒരു സാധകൻ ഗുരുവിൽനിന്നും ദീക്ഷ സ്വീകരിച്ച് ശിവപദം പ്രാപിക്കുന്ന സങ്കല്പം, ശാസ്താവ്, നക്രം, ദുർഗ്ഗ, സുബ്രഹ്മണ്യൻ എന്നിങ്ങനെ പല പഥങ്ങളും കടന്നുള്ള സാധകന്റെ യാത്ര, ശിംശുമാരചക്രസങ്കല്പം, കാരണജലത്തിൽനിന്നും ജീവന്റെ ആവിർഭാവം എന്നിങ്ങനെയുള്ള പല സങ്കല്പങ്ങളുടെയും രഹസ്യസ്വഭാവം മുതലയിൽ അടങ്ങിയിരിക്കുന്നു. നെയ്യ്, ശർക്കര, കദളിപ്പഴം, നാളികേരപ്പൂള് തുടങ്ങിയവ ചേർത്ത് പൂജിച്ച ഹവിസ്സാണ് ബലിതൂകുവാൻ ഉപയോഗിക്കുന്നത്. ആറാട്ടു ദിവസത്തിന്റെ തലേദിവസം രാത്രി, ഗ്രാമത്തിൽ പ്രധാനഭാഗങ്ങളിലും, നാൽക്കവലകളിലും ഇതര ദേവാലയസ്ഥാനങ്ങളിലും, ഗ്രാമബലി തൂകുന്നു. ഗ്രാമാവസാനത്തിങ്കൽ മൃഗയാവിനോദതത്പരനായ ദേവൻ പള്ളിവേട്ട നടത്തുന്നു. ആയുധപാണികളായ നാട്ടുകാർ ശരം പ്രയോഗിച്ച് നായാട്ടുവിളികൾ മുഴക്കി വേട്ടനടത്തുന്ന ക്രിയയുടെ സങ്കല്പം ഇതാണ്.

## പള്ളിക്കുറുപ്പ്

പള്ളിവേട്ട കഴിഞ്ഞാൽ അന്നു രാത്രിയാണ് പള്ളിക്കുറുപ്പ്. ക്ഷേത്രമണ്ഡപത്തിൽ ചുറ്റും മുളംപാലികകളാലും തോരണാദികളാലും അലങ്കരിച്ച് സജ്ജമാക്കിയ ശയ്യയിൽ പള്ളിവേട്ട കഴിഞ്ഞ് പരിക്ഷീണനായി വരുന്ന ദേവൻ പള്ളിക്കുറുപ്പ് കൊള്ളുന്നു. അപ്പം, പഴം, പാൽ, വെറ്റിലപാക്ക് തുടങ്ങിയവ നിവേദിച്ചശേഷം ദേവൻ ജാഗ്രദവസ്ഥയിൽനിന്നും സ്വപ്നാവസ്ഥയേയും സ്വപ്നത്തിൽനിന്നും സുഷുപ്തിയേയും സുഷുപ്തിയിൽനിന്നും തുരീയാവസ്ഥയേയും ക്രമത്തിൽ പ്രാപിച്ചുവെന്ന് സങ്കല്പിച്ച ശേഷം തന്ത്രി അമ്പലനടയടച്ച് പുറത്തു പോകുന്നു. പിന്നെ ശബ്ദകോലാഹലങ്ങളോ വാദ്യഘോഷങ്ങളോ പാടില്ല. പിറ്റേന്ന് ദേവൻ പള്ളിക്കുറുപ്പ് ഉണരുന്നു. കാലത്ത് കുളിച്ചുവന്ന് തന്ത്രി ദേവന്റെ നിത്യകർമ്മങ്ങൾക്ക് ജലദ്രോണി പൂജിച്ച് വെള്ളം തുടങ്ങിയവയെല്ലാംതന്നെ തയ്യാറാക്കുന്നു. മണ്ഡപത്തിൽ ചെന്ന് ദേവൻ തുരീയാവസ്ഥയിൽനിന്നും ക്രമത്തിൽ സുഷുപ്തി, സ്വപ്നം എന്നീ അവസ്ഥകളിൽക്കൂടി ജാഗ്രദവസ്ഥയെ പ്രാപിക്കുന്നുവെന്ന്

സങ്കല്പിക്കുന്നു. നട തുറന്ന് അഷ്ടമംഗല്യം, പശു തുടങ്ങിയ ശുഭവസ്തുക്കളെക്കൊണ്ട് ദേവനെ കണികാണിച്ചതിനുശേഷം സ്നാനത്തിനായി തിടമ്പ്, പീഠത്തിലേക്ക് എഴുന്നള്ളിക്കുന്നു. ഇതിനുശേഷം സ്നാനം, ദന്തശോധന, ജിഹ്വാശോധന, പാദ്യം, അർഘ്യം, ആചമനം തുടങ്ങിയ ക്രിയകൾ വിസ്തരിച്ച് ചെയ്യുന്നു. എള്ളെണ്ണകൊണ്ട് തേച്ച് വാകപ്പൊടികൊണ്ടു കഴുകിക്കളഞ്ഞ് പുഷ്പചന്ദനാദികളാൽ അലങ്കൃതമാക്കി, കണ്ണെഴുതി, ചാന്തുതൊട്ട്, കുറുക ചൂടി, വാൽക്കണ്ണാടി കാണിച്ച് ദേവനെ തൃപ്തനാക്കി, പശുവിന് പുല്ലുകൊടുത്ത് ഇതിഹാസ പുരാണാദികൾ വായിച്ചുകേട്ട് ബ്രാഹ്മണർക്ക് അരിയും സ്വർണ്ണവും ദാനംചെയ്ത് ശ്രീകോവിലിലേയ്ക്ക് ദേവൻ എഴുന്നള്ളിക്കപ്പെടുന്നു.

## ആറാട്ട്

ഉത്സവാവസാനത്തെക്കുറിക്കുന്ന ക്രിയയാണ് ആറാട്ട്. ഉത്സവാരംഭനാൾ ആവാഹിച്ച് പ്രതിഷ്ഠിച്ച കൊടിയിൽനിന്നും ദേവചൈതന്യത്തെ ഉദ്വസിക്കുന്നത് ആറാട്ടു ദിവസമാണ്. പരിവാരങ്ങൾക്കെല്ലാം ഒറ്റ പ്രദക്ഷിണത്തിൽ ബലിതൂകി, ദേവത വാഹനത്തിന്റെ പുറത്ത് തീർത്ഥസ്നാനത്തിനുവേണ്ടി ഘോഷയാത്ര പുറപ്പെടുന്നു. ശംഖ്, പെരുമ്പറ മുതലായ വാദ്യഘോഷങ്ങളോടും കൊമ്പ്, കുഴൽ, വീണ, മുരളി തുടങ്ങിയ മേളങ്ങളോടും സംഗീതോപകരണങ്ങളോടുകൂടിയും അലങ്കൃതമായ മഹിളകൾ മുമ്പിൽ നടന്നുകൊണ്ടുമായിരിക്കണം ഈ ഘോഷയാത്രയെന്ന് തന്ത്രസമുച്ചയകർത്താവ് ഉദ്ഘോഷിക്കുന്നു. തന്ത്രി, ജലാശയത്തിലേക്ക് ഗംഗ, വരുണൻ തുടങ്ങിയ ജലദേവതമാരെ ആവാഹിച്ച് ആ പുണ്യതീർത്ഥത്തിൽ ദേവബിംബത്തെ സമന്ത്രം സ്നാനം ചെയ്യിക്കുന്നു. ആറാട്ടുകടവിൽനിന്നും തിരിച്ചു ക്ഷേത്രത്തിലേക്കുള്ള എഴുന്നള്ളിപ്പ് ആഘോഷത്തോടുകൂടിയല്ല പതിവ്. തിടമ്പിലെ ചൈതന്യം മൂലബിംബത്തിലേക്ക് യോജിപ്പിച്ച് ദോഷശാന്തിക്കായി കലശാഭിഷേകവും, ശ്രീഭൂതബലിയും ചെയ്താൽ ഉത്സവക്രിയകൾ സമാപിക്കുന്നു.

ഒറ്റ ശ്വാസത്തിലുള്ള ഓട്ട പ്രദക്ഷിണം സാധകന്റെ ഉന്നതമായ ഭാവത്തേയും ബോധതലത്തേയും കാണിക്കുന്നു.

> ക്ഷിപ്രപ്രദക്ഷിണബലിം പ്രവിധായ ശേഷം
> ക്ഷേത്രാധിപായ ച സമർപ്പയതുപഹാരൈഃ

പ്രാണായാമത്തിൽ പൂരകത്തേയും കുംഭകത്തേയും ചെയ്ത് മന്ത്രത്തെ സ്പന്ദിപ്പിച്ച് കൊടിമരത്തിന്റെ അഥവാ ധ്വജസ്തംഭത്തിന്റെ ചുവട്ടിൽനിന്നും മുകളിലുള്ള വാഹനംവരെ സാധകൻ യാത്രചെയ്യുന്ന ▸▸

▶▶ തോട്ടുകുടി ആറു പടികൾ കടന്ന് ശിവപദം പ്രാപിക്കുന്ന പ്രതീകമാണ് ഇവിടെ സംഭവിക്കുന്നത്. (മൂലാധാരമാകുന്ന ചക്രത്തിൽനിന്നും കുണ്ഡലിനീശക്തിയെ ഉയർത്തി സഹസ്രാരത്തിലെത്തിച്ച് ആജ്ഞ തരുന്ന ശിവനിൽനിന്നും സാധകൻ ആജ്ഞയെ സ്വീകരിക്കുന്നു.) ധ്വജസ്തംഭത്തിൽ കയറുവാൻ സാധിക്കാത്തതുകൊണ്ട് ക്ഷേത്രത്തെ പ്രദക്ഷിണം വെയ്ക്കുകയാണ് ചെയ്യുന്നത്. ശിവപദം പ്രാപിക്കുമ്പോൾ അമൃതസ്രവണം സംഭവിക്കുന്നു. അമൃതത്തിന്റെ പ്രതീകമായി തന്ത്രി ചന്ദനം, പൂവ്, ഹവിസ്സ്, തീർത്ഥം ഇവയെല്ലാം ഒരുമിച്ച് ജലാപ്ലുതമാക്കി സമർപ്പിക്കുന്നതോടെ അമൃതവർഷണം പ്രതീകാത്മകമായി അനുഭവിക്കുന്നു. ഇതിനുശേഷമുള്ള ക്ഷേത്രപാലന്റെ പൂജയും ശിവയോഗി സങ്കല്പത്തിൽ തന്ത്രി നിർവ്വഹിച്ച് കിണ്ടി കമിഴ്ത്തി പവിത്രക്കെട്ടഴിക്കുന്നതോടെ ഉത്സവമാകുന്ന ചൈതന്യവർദ്ധനയുടെ പരിസമാപ്തി കുറിക്കുന്നു.

കൂടുതൽ അറിയാനാഗ്രഹിക്കുന്ന വായനക്കാർക്ക് 0484 - 2446011 എന്ന നമ്പറിൽ ലേഖകനുമായി ബന്ധപ്പെടാവുന്നതാണ്.